26
ശനി
മാർച്ച് 2022
1197 മീനം 12
Vol 4 Issue No113

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 07
www.keralapranamam.com
infokeralapranamam@gmail.com



## പൂർണമായ സൈനിക പിൻമാറ്റം ആവശ്യം; ഇന്ത്യ ചൈന ചർച്ച പൂർത്തിയായി

ന്യൂഡൽഹി: ഇന്ത്യ - ചൈന അതിർത്തിയിലെ പ്രശ്നങ്ങൾ എത്രയും പെട്ടെന്ന് പരിഹരിക്കൂ, എന്നിട്ട് ചൈന സന്ദർശിക്കാം എന്ന് ഇന്ത്യ. ഇന്ത്യൻ സന്ദർശനത്തിനെത്തിയ ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യീയുമായി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ കൂടിക്കാഴ്ച നടത്തിയിരുന്നു. കൂടിക്കാഴ്ചയിൽ വെച്ച് അജിത് ഡോവലിനെ വാങ് യീ ചൈനയിലേക്ക് ക്ഷണിച്ചിരുന്നു. ഇതിന് മറുപടിയായാണ് അജിത് ഡോവൽ ഇക്കാര്യം പറഞ്ഞത്. ചൈനയും ഇന്ത്യയും തമ്മിലുള്ള ബന്ധം വളരെ പ്രധാനമാണ്. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം നല്ല രീതിയിൽ മുമ്പോട്ട് കൊണ്ടുപോകാൻ തടസ്സങ്ങളുണ്ടെങ്കിൽ ഒഴിവാക്കണമെന്നും അജിത് ഡോവൽ പറഞ്ഞു. അതേസമയം അതിർത്തിയിൽ കടന്നുകയറിയ മേഖലകളിൽ നിന്ന് പിൻവാങ്ങണമെന്ന് ചൈനയോട് ഇന്ത്യ ആവശ്യപ്പെട്ടു. ചൈനീസ് വിദേശകാര്യമന്ത്രിയുടെ ഇന്ത്യൻ സന്ദർശനം മുൻകൂട്ടി പ്രഖ്യാപിക്കാൻ ചൈനയ്ക്ക് താൽപര്യമില്ലായിരുന്നുവെന്ന് വിദേശകാര്യമന്ത്രി ഡോ. എസ് ജയ് ശങ്കർ കൂടിക്കാഴ്ചയ്ക്ക് ശേഷം വ്യക്തമാക്കി. അതിർത്തിയിലെ സാഹചര്യങ്ങൾ വളരെ ഏറെ കലുഷിതമാണ്. അവിടെ നിന്ന് സേനയുടെ പിന്മാറ്റം അത്യാവശ്യമാണ്. ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധം സാധാരണ നിലയിലല്ല എന്ന് ഇന്ത്യ ചൈനയെ അറിയിച്ചു. അത് സാധാരണ നിലയിലേക്കാകണമെങ്കിൽ സേനാ പിന്മാറ്റം പൂർണമായാൽ മാത്രമേ നടക്കുകയുള്ളൂ എന്നാണ് ഇന്ത്യ ചൈനയോട് അറിയിച്ചിരിക്കുന്നത്. ഇതിന് സമയപരിധി വെക്കാനുള്ള ആവശ്യം നിലവിലില്ല എന്നും ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ് ജയ് ശങ്കർ വ്യക്തമാക്കി.



## 37 വർഷത്തെ ചരിത്രം വഴിമാറി; മോദിയെ സാക്ഷിയാക്കി യോഗി വീണ്ടും അധികാരത്തിൽ

**ലഖ്നൗ:** ഉത്തർപ്രദേശിൽ പുതുചരിത്രം കുറിച്ച് യോഗി ആദിത്യനാഥ് സർക്കാർ സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റു. ലഖ്നൗവിലെ എ.ബി. വാജ്പേയി സ്റ്റേഡിയത്തിൽ നടന്ന സത്യപ്രതിജ്ഞാചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയായിരുന്നു മുഖ്യാതിഥി. മുതിർന്ന ബിജെപി നേതാക്കൾ, ബോളിവുഡ് താരങ്ങൾ തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു സത്യപ്രതിജ്ഞ. യുപിയിൽ 37 വർഷത്തിനിടെ കാലാവധി തികച്ചു വീണ്ടും അധികാരത്തിലെത്തുന്ന ആദ്യ മുഖ്യമന്ത്രിയാണ് യോഗി. കേശവപ്രസാദ് മൗര്യവും ബ്രിജേഷ് പഥക്കും ഉപമുഖ്യമന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട കേശവ് മൗര്യയെ നിലനിർത്തുകയായിരുന്നു. എന്നാൽ തിരഞ്ഞെടുപ്പിൽ മത്സരിക്കാതിരുന്ന ദിനേശ് ശർമ്മയ്ക്ക് പകരമാണ് ബ്രജേഷ് പഥക്കിന്റെ നിയമനം. ആദ്യ യോഗി സർക്കാരിൽ നിയമമന്ത്രിയായിരുന്ന പഥക് മുൻ ലോക്സഭാ എംപിയുമാണ്.ലഖ്നൗവിലെ അടൽ ബിഹാരി വാജ്പേയി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ തിങ്ങിനിറഞ്ഞ സദസ്സിനെ സാക്ഷിയാക്കിയാണു ചടങ്ങ്. അറുപതിനായിരത്തിലേറെ പേർക്ക് ഇവിടെ ഇരിപ്പിടസൗകര്യമൊരുക്കിയിട്ടുണ്ട്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയുൾപ്പെടെ 60 വ്യവസായപ്രമുഖർ തുടങ്ങിയവർക്കും ചടങ്ങിലേക്ക് ക്ഷണമുണ്ടായിരുന്നു. നേരത്തെ, വ്യാഴാഴ്ച വൈകീട്ട് ലഖ്നൗ ലോക്ഭവനിൽ ചേർന്ന നിയമസഭാകക്ഷിയോഗത്തിൽ യോഗിയെ നേതാവായി തിരഞ്ഞെടുത്തിരുന്നു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായുടെ സാന്നിധ്യത്തിലായിരുന്നു ഇത്. തുടർന്ന് യോഗി ഗവർണറെക്കണ്ട് സർക്കാർ രൂപവത്കരിക്കാൻ അവകാശമുന്നയിച്ചു.

## സിൽവർലൈനിൽ വിമർശിച്ച് സിപിഐ; ചില കാര്യങ്ങൾ സർക്കാർ തിരുത്തണം

**തിരുവനന്തപുരം:** സിൽവർലൈനിൽ വിമർശനവുമായി സി.പി.ഐ. ചില കാര്യങ്ങൾ സർക്കാർ തിരുത്തണമെന്ന് സിപിഐ അസി.സെക്രട്ടറി കെ.പ്രകാശ് ബാബു. ചില ഉദ്യോഗസ്ഥരയുടെ തീരുമാനങ്ങൾ ആശങ്ക ഉണ്ടാക്കുന്നു. കെ റെയിലിൽ ഉദ്യോഗസ്ഥർ എന്തിനാണ് ധൃതി കാണിക്കുന്നത്. പദ്ധതിയെ എതിർക്കുന്ന എല്ലാവരും ഇടതുപക്ഷത്തിന്റെ ശത്രുക്കളല്ല. സമാധാനപരമായ അന്തരീക്ഷത്തിലേ പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയൂവെന്നും പ്രകാശ് ബാബു തിരുവനന്തപുരത്ത് പറഞ്ഞു. അതേസമയം കെ റെയിൽ പദ്ധതിക്കെതിരെ സമരം കടുത്തതോടെ സംസ്ഥാനത്ത് സർവേ നടപടികൾ നിർത്തിവച്ചു. ഇന്ന് സംസ്ഥാനത്ത് ഒരിടത്തും സർവേ നടത്തില്ലെന്ന് കല്ലിടൽ ഏറ്റെടുത്ത ഏജൻസി അറിയിച്ചുവെന്നാണ് റിപ്പോർട്ടുകൾ. പ്രതിഷേധം ശക്തമായതിനാൽ മുന്നോട്ട് പോവാൻ കഴിയില്ലെന്ന് ഏജൻസി കെ റെയിലിനെ അറിയിച്ചു.സിൽവർ ലൈൻ സാമൂഹിക ആഘാത പഠന സർവേയുടെ സമയം നീട്ടി നൽകാൻ ആവശ്യപ്പെടുമെന്ന് ഏജൻസി. സർവേ നടത്തുന്നതിനായി കേരള വോളിണ്ടറി ഹെൽത്ത് സർവീസിനെ അഞ്ച് ജില്ലകളിലായാണ് നിയോഗിച്ചത്. വിജ്ഞാപനത്തിലെ സമയക്രമം പാലിക്കാൻ കഴിയാത്തതിനാലാണ് തീരുമാനം. കൂടാതെ സിൽവർ ലൈനിന്റെ അതിരടയാള കല്ലിടൽ നിർത്തിവച്ചിട്ടില്ലെന്ന് കെ റെയിൽ എംഡി വി അജിത്കുമാർ അല്പം മുമ്പ് പറഞ്ഞിരുന്നു. സംസ്ഥാനത്ത് കല്ലിടൽ നിർത്തിവച്ചതായി കരാർ ഏറ്റെടുത്ത ഏജൻസി അറിയിച്ചതിന് പിന്നാലെയായിരുന്നു എം.ഡിയുടെ പ്രതികരണം. സർക്കാരിന്റെയോ ഏജൻസിയുടെയോ അറിയിപ്പ് ലഭിച്ചിട്ടില്ല. സിൽവർലൈൻ സർവേ നടപടികളുമായി മുന്നോട്ട് പോകുമെന്നും അദ്ദേഹം വ്യക്തമാക്കി.







## ബസ് ചാർജ് വർധന; തീരുമാനം 30 ന് നടക്കുന്ന എൽഡിഎഫ് യോഗത്തിന് ശേഷം; ഗതാഗത മന്ത്രി

**തിരുവനന്തപുരം :** ബസ് ചാർജ് വർധനവുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം ഈ മാസം 30 ലെ എൽ ഡി എഫ് യോഗത്തിന് ശേഷമെന്ന് ഗതാഗത മന്ത്രി ആന്റണി രാജു. ജനങ്ങളെ മുൾമുനയിൽ നിർത്തി ആവശ്യം സാധിക്കാമെന്ന ധാരണ വേണ്ടന്നും അദ്ദേഹം പറഞ്ഞു. നിലവിലെ സൗകര്യങ്ങൾ ഉപയോഗിച്ച കെ എസ് ആർ ടി സി പരമാവധി സർവീസ് നടത്തുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അതേസമയം നിരക്ക് വർധനവ് ആവശ്യപ്പെട്ട് സ്വകാര്യ ബസ് ഉടമകൾ നടത്തുന്ന അനിശ്ചിതകാല സമരം ഇന്ന് രണ്ടാം ദിവസവും പൊതുജനത്തെ ബാധിച്ചു. എൽഡിഎഫ് യോഗത്തിന് ശേഷം നിരക്ക് വർധനവിൽ തീരുമാനമെടുക്കാമെന്നാണ് സർക്കാർ നിലപാട്. അതേസമയം നിരക്ക് വർധനവിൽ തീരുമാനമാകാതെ സമരം പിൻവലിക്കില്ലെന്നാണ് ബസുടമകളുടെ മറുപടി. മിനിമം ചാർജ് 12 രൂപയാക്കുക, വിദ്യാർത്ഥികളുടെ കൺസഷൻ ചാർജ് 6 രൂപയാക്കുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് സംസ്ഥാനത്തെ സ്വകാര്യ ബസുടമകൾ സമരം നടത്തുന്നത്. പലയിടത്തും കെ.എസ്.ആർ.ടി.സി അധിക സർവീസ് നടത്താതിരുന്നതോടെ ജനജീവിതം ദുരിതത്തിലായി.



## അംഗപരിമിതർക്ക് ഐ.പി.എസിന് അപേക്ഷിക്കാൻ അനുമതി നൽകി സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവ്

**ന്യൂഡൽഹി:** സിവിൽ സർവീസസ് പരീക്ഷ വിജയിച്ച അംഗപരിമിതർക്ക് ഐ.പി.എസിന് അപേക്ഷിക്കാൻ അനുമതി നൽകി സുപ്രീം കോടതി ഇടക്കാല ഉത്തരവ് പുറത്ത് ഇറക്കി. ഐ.പി.എസിന് പുറമെ, ഇന്ത്യൻ റെയിൽവേ സുരക്ഷാ സേന ഡൽഹി, ദാമൻ ആൻഡ് ദിയു, ദാദ്ര ആൻഡ് നാഗർ ഹവേലി, ആൻഡമാൻ ആൻഡ് നിക്കോബാർ, ലക്ഷദ്വീപ ് പോലീസ് സേന (എന്നിവയിലേക്ക് അപേക്ഷിക്കാനും സുപ്രീം കോടതി അനുമതി നൽകി. സുപ്രീം കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നിയമനം ഉൾപ്പടെയുള്ള തുടർ നടപടികൾ. സന്നദ്ധ സംഘടനയായ നാഷണൽ പ്ലാറ്റ്ഫോം ഫോർ ദ റൈറ്റ്സ് ഓഫ് ദി ഡിസബിൾഡ് നൽകിയ ഹർജിയിലാണ് സുപ്രീം കോടതി ഇടക്കാല ഉത്തരവ് ഇറക്കിയത്. ജസ്റ്റിസുമാരായ എ.എം. ഖാൻവിൽക്കർ, അഭയ് എസ്. ഓക എന്നിവർ അടങ്ങിയ ബെഞ്ചിന്റേതാണ് ഉത്തരവ്. സിവിൽ സർവീസസ് പരീക്ഷ വിജയിച്ചവർക്ക് ഏത് സർവീസിൽ പ്രവർത്തിക്കാനാണ് താത്പര്യം എന്ന് വ്യക്തമാക്കി അപേക്ഷ നൽകേണ്ട അവസാന തീയതി വ്യാഴാഴ്ചയായിരുന്നു. എന്നാൽ അംഗപരിമിതർക്ക് ഏപ്രിൽ ഒന്നിന് നാല് മണിവരെ അപേക്ഷ നൽകാൻ സുപ്രീം കോടതി സമയം അനുവദിച്ചു. യു.പി.എസ്.സി സെക്രട്ടറി ജനറലിന് നേരിട്ടോ കൊറിയർ മുഖേനെയോ ആണ് അപേക്ഷ നൽകേണ്ടത്. അംഗപരിമിതർക്ക് പോലീസ് സേന വിഭാഗങ്ങളിൽ നിലവിൽ അപേക്ഷിക്കാൻ കഴിയില്ലായിരുന്നു. ഇതിനെതിരെ നൽകിയ ഹർജിയിലാണ് സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവ്. ഹർജിയിൽ വിശദമായ സത്യവാങ്മൂലം നൽകാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതി അനുമതി നൽകി. ഏപ്രിൽ 15-ന് ആണ് ഹർജി ഇനി സുപ്രീം കോടതി പരിഗണിക്കുക.



## കെ റെയിൽ സർവേ നിർത്തിയിട്ടില്ലെന്ന് മന്ത്രി കെ രാജൻ

**തിരുവനന്തപുരം** സംസ്ഥാനത്ത് കെ റെയിൽ സർവേയും കല്ലിടുന്ന നടപടിയും നിർത്തിവെച്ചിട്ടില്ലെന്ന് മന്ത്രി കെ രാജൻ. എന്തെങ്കിലും പ്രയാസങ്ങൾ നേരിട്ടതിന്റെ പേരിൽ പ്രാദേശികമായി സർവേ മാറ്റിവെച്ചിട്ടുണ്ടോയെന്ന് അറിയില്ലെന്നും സംസ്ഥാന തലത്തിൽ അങ്ങിനെയൊരു തീരുമാനം സർക്കാർ കൈകൊണ്ടിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്ത് കെ റെയിൽ സർവേ നടപടികൾ നടന്നിട്ടില്ല. കൂടുതൽ സുരക്ഷയൊരുക്കണമെന്ന് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടിരുന്നു. ഇന്ന് സർവേ നടപടികൾ നടക്കാത്തതിനാൽ നിർത്തിവെച്ചതായി പ്രചരണം ശക്തമാണ്. ഇത് സംബന്ധിച്ച് ചോദ്യമുന്നയിച്ചപ്പോഴാണ് മന്ത്രി പ്രതികരിച്ചത്. സർവേ നടപടികൾ നിർത്തിവെക്കാനായി സർക്കാർ തീരുമാനിച്ചിട്ടില്ലെന്നും കെ റെയിൽ അധികൃതർ അത്തരം തീരുമാനം കൈകൊണ്ടിട്ടില്ലെന്നും മന്ത്രി പറഞ്ഞു.




## ചാരക്കേസിലെ ഗൂഢാലോചന: മറുപടി സത്യവാങ്മൂലം ഫയൽ ചെയ്യാൻ നാലാം തവണയും സമയം തേടി

ന്യൂഡൽഹി: ഐ.എസ്.ആർ.ഒ. ചാരക്കേസിലെ ഗൂഢാലോചനയിൽ പ്രതിയായ ഇന്റലിജൻസ് ബ്യൂറോ മുൻ ഡപ്യൂട്ടി ഡയറക്ടർ ആർ.ബി. ശ്രീകുമാറിന്റെ മുൻകൂർ ജാമ്യം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയിൽ മറുപടി സത്യവാങ്മൂലം ഫയൽ ചെയ്യാൻ സുപ്രീം കോടതിയിൽ നിന്ന് സി.ബി.ഐ നാലാം തവണയും സമയം തേടി. അന്വേഷണ ഏജൻസിയുടെ ആവശ്യം അംഗീകരിച്ചു കൊണ്ട് രണ്ടാഴ്ചത്തെ സമയം കൂടി അനുവദിച്ചു. കേസിലെ പ്രതികളായ ആർ.ബി. ശ്രീകുമാർ, എസ്. വിജയൻ, തമ്പി എസ്. ദുർഗ്ഗാദത്ത്, പി.എസ്. ജയപ്രകാശ് എന്നിവരുടെ മുൻകൂർ ജാമ്യവും റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് സി.ബി.ഐയാണ് സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തിരിക്കുന്നത്. ഹർജിയിൽ നേരത്തെ കോടതി നോട്ടീസ് അയച്ചിരുന്നു. സി.ബി.ഐ. ആവശ്യപ്പെട്ടതിനെ തുടർന്ന് ഹർജി ഇതുവരെ ഏഴ് തവണ മാറ്റിവച്ചതായി പി.എസ്.ജയപ്രകാശിന് വേണ്ടി ഹാജരായ അഭിഭാഷകൻ കാളീശ്വരം രാജ് കോടതിയിൽ ചൂണ്ടിക്കാട്ടി. തങ്ങളുടെ സത്യവാങ്മൂലത്തിന് മറുപടി നൽകാൻ നാല് തവണയാണ് ഇതിന് മുമ്പ് സമയം തേടിയതെന്ന് ആർ.ബി ശ്രീകുമാറിന് വേണ്ടി ഹാജരായ അഭിഭാഷക അപർണ്ണ ഭട്ട് ചൂണ്ടിക്കാട്ടി. മറുപടി സത്യവാങ്മൂലം ഫയൽ ചെയ്യാൻ ഒരു അവസരം കൂടി തരണമെന്ന് സി.ബി.ഐക്കു വേണ്ടി ഹാജരാകുന്ന അഡീഷണൽ സോളിസിറ്റർ ജനറൽ എസ്.വി. രാജുവിന്റെ ജൂനിയർ അഭിഭാഷകൻ കോടതിയിൽ ആവശ്യപ്പെടുക ആയിരുന്നു. ഈ ആവശ്യം കോടതി അംഗീകരിക്കുകയായിരുന്നു.

## ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തു വിടണം, അല്ലെങ്കിൽ ഭാവികേരളം മാപ്പ് തരില്ലെന്ന് ടി പദ്മനാഭൻ

**തിരുവനന്തപുരം:** സിനിമ മേഖലയിലെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടണമെന്ന് സാഹിത്യകാരൻ ടി.പദ്മനാഭൻ ആവശ്യപ്പെട്ടു. ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ റിപ്പോർട്ട് ഇനിയും വെളിച്ചം കാണാതെ ഇരിക്കരുത്. ഈ സർക്കാർ അത് ചെയ്യണം. ഇല്ലെങ്കിൽ ഭാവി കേരളം സർക്കാരിന് മാപ്പ് തരില്ലെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ രാജ്യാന്തര ചലച്ചിത്രമേളയുടെ സമാപനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അതിജീവിതയായ നടിയുടെ മേളയിലെ രംഗപ്രവേശത്തെ ആവേശത്തോടെയാണ് താൻ കണ്ടതെന്ന് പദ്മനാഭൻ പറഞ്ഞു. രാജ്യാന്തര ചലച്ചിത്രമേളയിൽ വനിതാ സംവിധായകരുടെ സാന്നിദ്ധ്യം മാത്രമല്ല അതിജീവിതയ്ക്ക് ലഭിച്ച കൈയടിയാണ് തന്നെ അത്ഭുതപ്പെടുത്തിയത്.



തെറ്റു ചെയ്തവർ ശിക്ഷിക്കപ്പെടണം. തൊഴിൽ രംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഇനിയും വെളിച്ചത്ത് വരേണ്ടതുണ്ട്. തെറ്റ് ചെയ്തവർ അനുഭവിക്കണം. ഇതൊന്നും കണ്ടില്ലെന്ന് നടിക്കാതെ ഇവിടെ ഒരു താരചക്രവർത്തിമാർക്കും വാഴാൻ കഴിയില്ലെന്നും ടി. പദ്മനാഭൻ പറഞ്ഞു.

കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ഇന്നു ചെയ്യുന്ന പ്രവർത്തിയെ
ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി

മഹാത്മാ ഗാന്ധി



# അഭിമാന നിമിഷം ലോകകപ്പ് സ്പോൺസർ മലയാളി

മലയാളിക്ക് എന്നും അഭിമാനിക്കാൻ ഒരവസരം ലഭിച്ചിരിക്കുന്നു. ഖത്തർ ലോകകപ്പ് ഫുട്ബോളിന്റെ ഔദ്യോഗിക സ്പോൺസറായി ബൈജൂസ്. ഒരു മലയാളി സംരംഭകന് സ്വപ്നം കാണുവാൻ കഴിയുന്നതിനുമപ്പുറമാണ് ഈ നേട്ടം. ലോകകപ്പിന്റെ സ്പോൺസറാകുന്ന ആദ്യ എജ്യു ടെക് കമ്പനിയാണ് ബൈജൂസ്. ഇന്ത്യയിൽ നിന്നും ഒരു കമ്പനിക്കും ഇതുവരെ ലഭിക്കാത്ത അവസരമാണിത്. മുഖ്യസ്പോൺസറാകുന്നതിലൂടെ കമ്പനിക്ക് ലഭിക്കുന്ന നേട്ടങ്ങൾക്കുമപ്പുറം ഇന്ത്യൻ ഫുട്ബോളിനും പ്രത്യേകിച്ച് കേരളത്തിലെ കാൽപന്തുകളിക്കാർക്ക് അഭിമാനിക്കാവുന്ന തരത്തിലേക്ക് ഇതിനെ ഉപയോഗിക്കാൻ കഴിഞ്ഞാൽ രാജ്യത്തിന് തന്നെ അഭിമാനിക്കാവുന്ന തരത്തിലേക്കുള്ള ഒരു ടീമിനെ വാർത്തെടുക്കുന്നതിലേക്ക് കാര്യങ്ങൾ നീക്കിയാൽ പ്രത്യേകിച്ച് ഐ എസ് എൽ മത്സരത്തിൽ മിന്നുന്ന പ്രകടനം കാഴ്ച വെച്ച കേരള ബ്ലാസ് റ്റേഴ്സിന്റെ വിജയ നിമിഷത്തെ ഇതോട് കൂടി ചേർത്ത് വായിക്കുമ്പോൾ ലോകകപ്പ് സ്പേൺസർ ചെയ്ത ഒരു കമ്പനിക്ക് സ്വന്തം രാജ്യത്തെ ഫുട്ബോളിനെ ഉയർത്തിക്കൊണ്ട് വരേണ്ട ഉത്തരവാദിത്വം സ്വാഭാവികമായും ഇവരിൽ നിക്ഷിപ്തമാകും. അത് വേണ്ട രീതിയിൽ പ്രയോജന പ്പെടുത്തുവാൻ കഴിഞ്ഞാൽ ഇന്ത്യൻ ഫുട്ബോൾ ലോകത്തിന്റെ നെറുകയിലേക്കെത്തുന്ന കാലം വിദൂരമായിരിക്കില്ല. അതിന് കായിക രംഗത്തെ എല്ലാവരുടെയും പിൻതുണയാർജിച്ചുകൊണ്ട് മുന്നേറുവാൻ കഴിഞ്ഞാൽ കാൽപ്പന്തുകളിയിലൂടെ നേട്ടം കൈവരിക്കാൻ കഴിയും. കണ്ണൂർ എന്ന ഗ്രാമത്തിലെ അദ്ധ്യാപക ദമ്പതിമാരുടെ മകനായ ബൈജു രവീന്ദ്രൻ ലോകമറിയുന്ന കമ്പനിയുടെ ഉടമയാക്കുക എന്നത് തന്നെ ഒരു വലിയ സ്വപ്നത്തിൽ നിന്നും യാഥാർത്ഥ്യത്തിലേക്കുള്ള ദൂരമായിരുന്നു. പഠനം രസകരമാക്കുവാൻ എന്ത് ചെയ്യുവാൻ കഴിയുമെന്നതിന്റെ വെളിച്ചത്തിൽ തുടങ്ങിയ സംരഭത്തിന്റെ വളർച്ച അത്ഭുതപൂർവ്വമായിരുന്നു. ഇരുന്നു എഴുന്നേൽക്കുന്ന വേഗത്തിൽ വിജയം കൈവരിക്കാൻ കഴിഞ്ഞത് കുട്ടികളുടെ രസകരമായ പഠനത്തിന് അത്ര മാത്രം മാതാപിതാക്കൾ ആഗ്രഹിച്ചിരുന്നു എന്നത് ബൈജുവിന് തിരിച്ചറിയുവാൻ കഴിയുകയും അത് നടപ്പിലാക്കുവാൻ കഴിഞ്ഞിടത്താണ് പ്രഥമ വിജയം കൈവരിക്കുന്നത്. നിങ്ങൾ ആത്മാർത്ഥമായി കളിച്ചാൽ വിജയം നേടും വരെ എല്ലാത്തിനും കൂടെയുണ്ടാകും എന്ന ഉറപ്പാണ് സർക്കാരിൽ നിന്നും ബൈജൂസിൽ നിന്നും ലഭിക്കേണ്ടത്. ലോകകപ്പിന്റെ മുഖ്യ സ്പോൺസറാകുവാൻ കഴിഞ്ഞവർക്കാണോ ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ സ്പോൺസർഷിപ്പ് ഏറ്റെടുക്കാൻ പ്രയാസം. ഈ കൈവരിച്ച നേട്ടം ഇന്ത്യൻ ഫുട്ബോളിലേക്ക് പകരുവാൻ കഴിഞ്ഞാൽ ലോകം കാണുവാൻ കാത്ത് നിൽക്കുന്ന ടീമായി ഇന്ത്യൻ ഫുട്ബോൾ മാറുമെന്ന കാര്യത്തിൽ തർക്കത്തിന് സ്ഥാനമില്ല. കൂട്ടായ പരിശ്രമത്തിലൂടെ ഫുട്ബോളിന്റെ ഉയർച്ചയ്ക്ക് ഇത് കാരണമാകുന്നുവെങ്കിൽ ബൈജുവിന്റെ നേട്ടത്തിന്റെ തിളക്കമേറുക തന്നെ ചെയ്യും.ലോകത്തിന്റെ ശ്രദ്ധ ബൈജു സിലൂടെ കരസ്ഥമാക്കുമ്പോൾ അത് ഇന്ത്യയുടെയും കേരളത്തിന്റെയും അഭിമാനമായി തീരുന്നിടത്താണ് ഫുട്ബോളിന്റെ നല്ല കാലം പിറക്കുക. ആത്മാർത്ഥമായി കളിക്കാൻ ഒരു പറ്റം യുവാക്കൾ അർപ്പണ ബോധത്തോടെ കളിക്കളത്തിലേക്കിറങ്ങാൻ കാത്ത് നിൽക്കുന്നുണ്ട് അവർക്ക് വേണ്ട പ്രോത്സാഹനം നൽകി, ധൈര്യം പകർന്ന് കളത്തിലിറങ്ങാൻ സഹായിച്ചാൽ അത് ഇന്ത്യൻ ഫുട്ബോൾ ചരിത്രത്തിൽ നാഴികക്കല്ലായിത്തീരും.



# ആണവ–രാസായുധ ഭീഷണിയിൽ പ്രതിരോധവുമായി നാറ്റോ: റഷ്യയുടെ മേൽ കൂടുതൽ ഉപരോധങ്ങൾ ഏർപ്പെടുത്തി

ബ്രസൽസ് (ബൽജിയം) : റഷ്യയുടെ ആണവരാസായുധ പ്രയോഗത്തിൽ നിന്ന് അംഗരാജ്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രതിരോധം ഒരുക്കിയതായി നാറ്റോ. ഇന്നലെ നടന്ന നാറ്റോ അംഗരാജ്യങ്ങളുടെ ഉച്ചകോടിക്കു ശേഷം സംയുക്തപ്രസ്താവനയിലാണ് ഇക്കാര്യം അറിയിച്ചത്. ജൈവ, രാസായുധങ്ങളിൽ നിന്നു രക്ഷ നേടാൻ യുക്രെയ്ൻ ജനതയ്ക്കു സുരക്ഷാ കിറ്റ് നൽകും. ടാങ്കേവധ, വ്യോമപ്രതിരോധ സംവിധാനങ്ങളും ഡ്രോണുകളും നൽകും. പ്രതിരോധം ശക്തമാക്കുന്നതിനായി നാറ്റോ പ്രതികരണസേനയിലെ 40,000 സൈനികരെ വിന്യസിച്ചുകഴിഞ്ഞു. ബൾഗേറിയ, ഹംഗറി, റുമാനിയ, സ്ലൊവാക്യഎന്നീ രാജ്യങ്ങളിലും സേനയെ വിന്യസിക്കും. യുക്രെയ്നിൽ റഷ്യ ആണവരാസായുധ പ്രയോഗം നടത്താനുള്ള സാധ്യത പരിഗണിച്ചാണു പുതിയ നടപടികൾ എന്ന് നാറ്റോ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾടെൻബർഗ് പറഞ്ഞു.യുഎസ്, റഷ്യയുടെ മേൽ കൂടുതൽ ഉപരോധങ്ങൾ ഏർപ്പെടുത്തി. റഷ്യൻ പാർലമെന്റിലെ 300 അംഗങ്ങൾ ഉൾപ്പെടെ 400 പേർക്കെതിരെയാണ് ഉപരോധം. റഷ്യൻ സെൻട്രൽ ബാങ്കിന്റെ സ്വർണശേഖരത്തിനും ഉപരോധമുണ്ട്. അമേരിക്കയുടെ വാണിജ്യ പങ്കാളി എന്ന നിലയിൽ മുൻപ് റഷ്യയ്ക്കു ലഭ്യമായി ആനുകൂല്യങ്ങളും ഇളവുകളും റദ്ദാക്കും. റഷ്യൻ ആക്രമണം മൂലം പലായനം ചെയ്യുന്നവരിൽ ഒരു ലക്ഷം അഭയാർഥികളെ യുഎസ് സ്വീകരിക്കുമെന്ന് പ്രസിഡന്റ് ജോ ബൈഡൻ പ്രഖ്യാപിച്ചു. യുക്രെയ്ൻ ജനതയ്ക്ക് ഭക്ഷണം, മരുന്ന് തുടങ്ങിയവ ലഭ്യമാക്കുന്നതിനായി 100 കോടി ഡോളറിന്റെ അടിയന്തര സഹായവും അനുവദിച്ചു. ഒരു മാസത്തെ അടച്ചിടലിനു ശേഷം മോസ്കോ ഓഹരിവിപണി ഇന്നലെ തുറന്നു. റൂബിളിന്റെ മൂല്യത്തെ നേരിട്ടു ബാധിക്കുന്ന സൂചികയിലുള്ള 33 ഓഹരികളുടെ വ്യാപാരം മാത്രമാണു നടന്നത്. 4.4% നേട്ടത്തോടെ വ്യാപാരം അവസാനിച്ചു.



# മഞ്ജുഷ കൽക്കർണിക്ക് ബാങ്ക് ഓഫ് അമേരി അമേരിക്ക അവാർഡ്

ലോസ് ആഞ്ജലിസ് (കാലിഫോർണിയ): ബാങ്ക് ഓഫ് അമേരിക്കയുടെ റേഷ്യൽ ഇക്വാലിറ്റി അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടവരിൽ ഇന്ത്യൻ അമേരിക്കൻ വനിത മഞ്ജുഷ കുൽക്കർണിയും. ലോസ്ആഞ്ജലിസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏഷ്യൻ അമേരിക്കൻ ആന്റ് പസഫിക്ക് ഐലന്റേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടറാണ് മഞ്ജുഷ. 1.5 മില്യണ് അംഗങ്ങളെയാണ് ഈ സംഘടന പ്രതിനിധാനം ചെയ്യുന്നത്. താഴ്ന്ന വരുമാനക്കാർ, അഭയാർത്ഥികൾ, കുടിയേറ്റക്കാർ, മറ്റ് ആനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്തവർ എന്നിവരെ കേന്ദ്രീകരിച്ചാണ് സംഘടനാ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്. വർഗീയ ചേരിതിരുവുകൾ, സാമ്പത്തിക അസമത്വം എന്നിവ ഇല്ലായ്മ ചെയ്യുന്നതിന് കഠിനാധ്വാനം ചെയ്യുന്ന സംഘടന എന്ന നിലയിലാണ് ബാങ്ക് ഈ അവാർഡ് നല്കിയിരിക്കുന്നതെന്ന് അധികൃതർ അറിയിച്ചു. 200000 ഡോളറാണ് അവാർഡ് തുക.ബാങ്കിന്റെ ഈ അവാർഡ് മുമ്പ് പ്രവർത്തിച്ചിരുന്ന സൗത്ത് ഏഷ്യൻ നെറ്റ്വർക്ക് എന്ന സംഘടന നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് മഞ്ജു പറഞ്ഞു.രാജ്യത്താകമാനം കോവിഡ് വ്യാപനം അതിരൂക്ഷമായിരിക്കെ വര്ധിച്ചുവന്ന വർഗീയാധിക്ഷേപത്തിനും അക്രമങ്ങള്ക്കുമെതിരെ പ്രതിഷേധം സംഘടിപ്പിക്കുന്നതിനും ആക്ഷൻ കൗൺസിലുകൾ രൂപീകരിക്കുന്നതിനും മഞ്ജു ശ്രമിച്ചിരുന്നു. 2021 ലെ ടൈം മാഗസിന് തിരഞ്ഞെടുത്ത 100 മോസ്റ്റ് ഇൻഫ്ളുവെൻഷ്യൽ പീപ്പിളിൽ ഇവരും ഉൾപ്പെട്ടിരുന്നു. ഡ്യൂക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും നിയമബിരുദം കരസ്ഥമാക്കിയിട്ടുണ്ട്.



# ബിർഭൂം കൂട്ടക്കൊലക്കേസിന്റെ അന്വേഷണം സി.ബി.ഐ യ്ക്ക് വിട്ടു

കൊൽക്കത്തെ: ബിർഭൂം കൂട്ടക്കൊലക്കേസിന്റെ അന്വേഷണം സി.ബി.ഐ യ്ക്ക് വിട്ട് കൊൽക്കത്ത ഹൈക്കോടതി. പശ്ചിമ ബംഗാൾ പൊലീസിന്റെ പ്രത്യേക അന്വേഷണ സംഘമാണ് കേസ് ഇപ്പോൾ അന്വേഷിച്ച് കൊണ്ടിരിയ്ക്കുന്നത്.അന്വേഷണം സി.ബി.ഐ യ്ക്ക് കൈമാറണമെന്ന് കോടതി പ്രത്യേക അന്വേഷണത്തോട് ആവശ്യപ്പെട്ടു. സംഭവത്തിൽ ബുധനാഴ്ച കോടതി സ്വമേധയാ കേസ് എടുത്തിരുന്നു. ചീഫ് ജസ്റ്റിസ് പ്രകാശ് ശ്രീവാസ്തവ, ജസ്റ്റിസ് രാജർഷി ഭരദ്വാജ് എന്നിവരുടെ ബെഞ്ചിന്റേതാണ് അന്വേഷണം സി.ബി.ഐ യ്ക്ക് വിട്ട് കൊണ്ടുള്ള ഉത്തരവ്. കേസിൽ അടുത്ത മാസം ഏപ്രിൽ ഏഴിന് വാദം കേൾക്കും. അന്വേഷണ പുരോഗതിയെ പറ്റിയുള്ള റിപ്പോർട്ട് അന്ന് സമർപ്പിക്കാൻ സി.ബി.ഐക്ക് കോടതി നിർദേശം നൽകിയിട്ടുണ്ട്.കേസന്വേഷണം സി.ബി.ഐ യ്ക്ക് വിട്ടത് മമത ബാനർജിയ്ക്കും സർക്കാരിനും തിരിച്ചടിയാണ്. അന്വേഷണം കേന്ദ്ര ഏജൻസിയ്ക്ക് കൈമാറരുതെന്ന് മമതാ ബാനർജി സർക്കാർ നേരത്തെ കോടതിയോട് അഭ്യർത്ഥിച്ചിരുന്നു. ഈ ആവശ്യം തള്ളിക്കൊണ്ടാണ് കോടതിവിധി വന്നിരിക്കുന്നത്.തൃണമൂൽ കോൺഗ്രസ് നേതാവ് ഭാദു ഷെയ്ഖിന്റെ കൊലയ്ക്കുള്ള പ്രതികാരമായിട്ടാണ് ചൊവ്വാഴ്ച കൂട്ടക്കൊല അരങ്ങേറിയത്. സ്ത്രീകളും കുട്ടികളും ഉൾപ്പടെയുള്ളവരെ അക്രമികൾ മർദ്ധിക്കുകയും ജീവനോടെ തീവയ്ക്കുകയുമായിരുന്നു. എട്ട് പേർക്കാണ് കൂട്ടക്കൊലയിൽ ജീവൻ നഷ്ടമായത്.അക്രമികൾ സ്വമേധയാ കീഴടങ്ങിയില്ലെങ്കിൽ അവരെ വേട്ടയാടി പിടിയ്ക്കുമെന്ന് മുഖ്യമന്ത്രി മമത ബാനർജി പറഞ്ഞു. 'എന്തോ വലുത്' ഈ അക്രമത്തിന് പിന്നിലുണ്ടെന്ന് മമത ആരോപിച്ചു. ബിജെപി ഉൾപ്പടെയുള്ള എതിരാളികൾ സംഭവത്തെ രാഷ്ട്രീയവത്കരിക്കുന്നതിൽ ജാഗ്രത പുലർത്തുന്നുവെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# കല്ലിടുന്നത് ഭൂമി ഏറ്റെടുക്കാൻ തന്നെയെന്ന് ഇ ശ്രീധരൻ

പാലക്കാട്: സിൽവർ ലൈൻ പദ്ധതി കേരളത്തിൽ നടക്കില്ലെന്നും അധികം വൈകാതെ സർക്കാർ പദ്ധതി പൂർണമായും ഉപേക്ഷിക്കുമെന്നാണ് കരുതുന്നതെന്നും ബി ജെ പി നേതാവ് ഇ ശ്രീധരൻ.പദ്ധതിക്ക് കേന്ദ്രാനുമതി കിട്ടില്ലെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ ഉറപ്പിച്ച് പറഞ്ഞു. പദ്ധതിക്ക് അംഗീകാരം നൽകാതെ ഭൂമി ഏറ്റടുക്കാൻ അനുവദിക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപെട്ടിരുന്നതായി അദ്ദേഹം വ്യക്തമാക്കി.'പദ്ധതി ശരിയല്ലെന്ന് റെയിൽവേ ബോർഡിന് നേരത്തെ അറിയാം. സാമൂഹികാഘാത പഠനത്തിന് കല്ലിടേണ്ട കാര്യമില്ല. കല്ലിടുന്നത് ഭൂമി ഏറ്റെടുക്കാൻ തന്നെയാണ്. ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിക്കുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്. പദ്ധതിക്ക് വേണ്ട ചെലവ്, ഏറ്റെടുക്കേണ്ട ഭൂമി എന്നിവയെക്കുറിച്ചെല്ലാം ജനങ്ങളെയും കബളിപ്പിക്കുകയാണ്. സർക്കാരിന് ഹിഡൻ അജണ്ടയുണ്ട്. എന്തോ ഉടമ്ബടിയിൽ പെട്ടിട്ടുണ്ട്. പദ്ധതി 64,000 കോടി രൂപയ്ക്ക് തീരില്ലെന്ന് മുഖ്യമന്ത്രിയെ അറിയിച്ചിരുന്നു.



# തെഹ്രീക് –ഇ–താലിബാന്റെ ആക്രമണത്തിൽ മൂന്ന് പാക് സൈനികർക്ക് ജീവൻ നഷ്ടമായി

ഇസ്ലാമാബാദ്: ഭീകരരെ വളർത്തിയ പാകിസ്താന് കനത്ത തിരിച്ചടി നൽകി ഭീകരർ. പാകിസ്താൻ അതിർത്തിമേഖലകളിൽ സജീവമായ തെഹ്രീക് -ഇ-താലിബാന്റെ ആക്രമണത്തിൽ മൂന്ന് പാക് സൈനികർക്ക് ജീവൻ നഷ്ടമായി. ഭീകരരെ പ്രതിരോധിക്കുന്നതിനിടെ അഞ്ച് സൈനികർക്ക് പരിക്കേൽക്കുകയും ചെയ്തു. വടക്കൻ വസീറിസ്ഥാൻ മേഖലയിലെ മിറാൻഷാ പട്ടണത്തിലാണ് ആക്രമണം നടന്നത്. താലിബാനും പാകിസ് താനും തമ്മിലുള്ള വേലിതർക്കം ഒരാഴ്ചയ്യായി രൂക്ഷമാണ്.പാക് അതിർത്തിയിൽ നടന്ന ഭീകരാക്രമണം ഇതിന്റെ തുടർച്ചയാണെന്നാണ് വിലയിരുത്തൽ. ഡ്യൂറന്റ് അതിർത്തിയിൽ പാകിസ് താൻ

കമ്പിവേലികെട്ടി അടയ്ക്കുന്നതിനെതിരെ സ്ഥിരം അതിർത്തി കടക്കാറുള്ള താലിബാൻ ഭീകരർ എതിർപ്പ് അറിയിച്ചിരുന്നു. പാകിസ്താൻ അഫ്ഗാനിൽ കടത്തിവിട്ട ലഷ്ക്കർ, ജയ്ഷെ മുഹമ്മദ് ഭീകരസംഘടനകളോടുള്ള അമർഷം താലിബാൻ തുറന്ന് പ്രകടിപ്പിച്ചിരുന്നു. 2007 മുതൽ അഫ് ഗാൻ പാകിസ് താൻ അതിർത്തിയിൽ തെഹ് രിക്-ഇ-താലിബാൻ പാക് സൈന്യത്തിനെതിരെപോരാടുകയാണ്. നിലവിലെ അഫ്ഗാൻ പിടിച്ച താലിബാനെതിരാണ് തെഹരിക് ഇ താലിബാൻ. ഭരണകൂടത്തെ ധിക്കരിച്ചാണ് ഇവർ പാകിസ്താനെതിരെ പോരാടുന്നത്. 3000 നും 5000നും ഇടയിൽ ഭീകരരും അവരുടെ കുടുംബങ്ങളുമാണ് പാക് അതിർത്തി കടന്ന് സ്ഥിരതാമസമാക്കിയിരിക്കുന്നത്. ഇതിനിടെ,അഫ്ഗാനിൽ താലിബാൻ അധികാരമേറ്റശേഷം പാകിസ്താനെതിരെ തെഹ്രീക്-ഇ-താലിബാൻ ആക്രമണം രൂക്ഷമാക്കിയിരിക്കുകയാണ്.



# ചൈനീസ് വിമാനാപകടം: ഭീകരാക്രമണ സാദ്ധ്യത തള്ളാതെ ചൈന: രണ്ടാമത്തെ ബ്ലാക്ക് ബോക്സും കണ്ടെത്തി

ബീജിംഗ്: 132 പേരുമായി ചൈനീസ് യാത്രാവിമാനം തകർന്നുവീണതിന്റെ കാരണം കണ്ടെത്താനുള്ള അന്വേഷണം പുരോഗമിക്കുന്നു.ഭീകരാക്രമണ സാദ്ധ്യതയും അധികൃതർ തള്ളിക്കളയുന്നില്ല. വിമാനം തകർന്നുവീണ സ്ഥലത്ത് നടത്തിയ പരിശോധനയിൽ രണ്ടാമത്തെ ബ്ലാക്ക്ബോക്സും കണ്ടെത്തിയിട്ടുണ്ട്. ബുധനാഴ്ച രാവിലെ മറ്റൊരു ബ്ലാക്ക് ബോക്സ് കണ്ടെത്തിയിരുന്നു.അപകടത്തിൽപ്പെട്ട വിമാനത്തിന് സാങ്കേതിക തകരാർ ഒന്നുമില്ലെന്നാണ് റിപ്പോർട്ടുകൾ. വിമാനത്തിന്റെ പാതയിൽ കാലാവസ്ഥാപരമായതോ മറ്റേതെങ്കിലും തരത്തിലെയോ പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ലെന്ന് ഏവിയേഷൻ അതോറിറ്റിയും അറിയിച്ചിട്ടുണ്ട്. അതിനാൽതന്നെ അപകടത്തിന്റെ കാരണത്തെക്കുറിച്ച് അധികൃതർക്ക് ഇപ്പോഴും വ്യക്തതയില്ല. തകർന്നുവീഴുന്നതിന് മുമ്പ് അസാമാന്യ വേഗതയിലാണ് വിമാനം പറന്നതെന്നും മൂക്കുകുത്തിയാണ് താഴേക്ക് പതിച്ചതെന്നുമാണ് റിപ്പോർട്ട്. ഇതാണ് ഭീകരാക്രമണ സാദ്ധ്യത സംശയിക്കാൻ കാരണം. പൈലറ്റ് സ്വയം ചാവേറായ സംഭവങ്ങൾ നേരത്തേയും റിപ്പോർട്ട് ചെയ്തിരുന്നു. അത്തരത്തിൽ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ എന്നും അന്വേഷിക്കുന്നുണ്ട്. ബ്ലാക്ക്ബോക്സുകൾ പരിശോധിക്കുന്നതിലൂടെ ഇക്കാര്യത്തിൽ വ്യക്തതവരുമെന്നാണ് കരുതുന്നത്. അതേസമയം, അപകടത്തിൽ ആരും രക്ഷപ്പെട്ടിട്ടില്ലെന്നാണ് റിപ്പോർട്ട്. എന്നാൽ, എത്ര മൃതദേഹങ്ങൾ കണ്ടെത്തിയെന്നത് സംബന്ധിച്ച വിവരങ്ങൾ ചൈനീസ് ഭരണകൂടം ഇനിയും പുറത്തുവിട്ടിട്ടില്ല.തിങ്കളാഴ്ചയാണ് ദക്ഷിണ ചൈനയിലെ ഗ്വാംഗ്ഷി പ്രവിശ്യയിൽ വുഷൂവിലെ കുന്നിൻ പ്രദേശത്ത് ദ ചൈന ഈസ്റ്റേൺ എയർലൈൻസിന്റെ ബോയിംഗ് 737 എം.യു 5735 വിമാനം തകർന്നുവീണത്. താഴേക്ക് പതിച്ച വിമാനം പൊടുന്നനെ അഗ്നിഗോളമായി മാറുകയായിരുന്നു. ദുർഘട പ്രദേശമായതിനാൽ രക്ഷാപ്രവർത്തനത്തിനും കാലതാമസം നേരിട്ടു.

SPECIAL-NEWS





# മുഖ്യമന്ത്രി പറഞ്ഞത് പച്ചക്കള്ളം, മാനസികനില തെറ്റിയ ആളെ പോലെയാണ് മുഖ്യൻ പെരുമാറുന്നതെന്ന് കെ മുരളീധരൻ

**ന്യൂഡൽഹി:** മുഖ്യമന്ത്രി പിണറായി വിജയനെ കടന്നാക്രമിച്ച് കോൺഗ്രസ് നേതാവ് കെ മുരളീധരൻ. സിൽവർ ലൈനിൽ മുഖ്യമന്ത്രിയുടെ എല്ലാ പ്രതീക്ഷകളും അസ്തമിച്ചുവെന്ന് മുരളീധരൻ പറഞ്ഞു.പ്രധാനമന്ത്രി നരേന്ദ്ര മോദിയെ കണ്ടതിന് ശേഷം മുഖ്യമന്ത്രിയുടെ ആത്മവിശ്വാസം നഷ്ടമായി എന്നും മാനസികനില തെറ്റിയ ആളെ പോലെയാണ് മുഖ്യമന്ത്രി സംസാരിക്കുന്നതെന്നും മുരളീധരൻ പരിഹസിച്ചു. സിൽവർ ലൈൻ പദ്ധതിയ്ക്ക് അനുവാദം അഭ്യർത്ഥിക്കുന്നതിനായി മുഖ്യമന്ത്രി കഴിഞ്ഞ ദിവസമാണ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. അനുഭാവപൂർവ്വമായ നിലപാടാണ് പ്രധാനമന്ത്രി സ്വീകരിച്ചതെന്നും കേന്ദ്രാനുമതി വേഗത്തിലാക്കാൻ കൂടിക്കാഴ്ച സഹായിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു.കേന്ദ്രം നൽകിയ ഉറപ്പ് പ്രകാരമാണ് കേരളം പദ്ധതിയുമായി മുന്നോട്ട് പോയതെന്ന് മുഖ്യമന്ത്രി പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഡിപിആറിലെ അവ്യക്തതകൾ പരിഹരിച്ചെന്നും മുഖ്യമന്ത്രി കൂടിക്കാഴ്ചയിൽ വ്യക്തമാക്കി. റെയിൽവേ മന്ത്രിയേയും മുഖ്യമന്ത്രി കണ്ടിരുന്നു.എന്നാൽ സിൽവലൈൻ പദ്ധതി സങ്കീർണ്ണമാണെന്നും തിടുക്കം കാട്ടരുതെന്നുമാണ് റെയിൽവേ മന്ത്രി രാജ്യസഭയിൽ പറഞ്ഞത്. മുഖ്യമന്ത്രി പച്ചക്കള്ളമായിരുന്നു പറഞ്ഞത് എന്നതിന്റെ തെളിവാണ് പദ്ധതി ചെലവിനെ കുറിച്ചുള്ള റെയിൽവേ മന്ത്രിയുടെ പ്രസ്താവനയെന്ന് മുരളീധരൻ ആരോപിച്ചു. ഡൽഹി പൊലീസ് എംപിമാരെ മർദ്ദിച്ചതിൽ മുഖ്യമന്ത്രി സന്തോഷിക്കുന്നുവെന്ന് പറഞ്ഞ മുരളീധരൻ, സിപിഎം ചെയ്ത മുൻകാല സമരങ്ങളെ പോലും തള്ളിപറയുന്ന സമീപനമാണ് പിണറായിയുടെതെന്നും ചൂണ്ടിക്കാട്ടി.







# സിൽവർലൈൻ സർവേ നടപടികൾ നിർത്തി വച്ചിട്ടില്ല; കെ റെയിൽ എം ഡി വി. അജിത് കുമാർ

**തിരുവനന്തപുരം:** സിൽവർലൈൻ സർവേ നടപടികളുമായി മുന്നോട്ട് പോകുമെന്ന് കെ റെയിൽ എം ഡി , പ്രതിഷേധക്കാർ വാഹനങ്ങൾക്കും സർവേ ഉപകരണങ്ങൾക്കും കേട്പാടുകൾ വരുത്തുന്നു . അതിരടയാള കല്ലിടൽ നിർത്തിവച്ചിട്ടില്ലെന്ന് കെ റെയിൽ എം ഡി വി അജിത് കുമാർ. സർക്കാരിന്റെയോ ഏജൻസിയുടെയോ അറിയിപ്പ് ലഭിച്ചിട്ടില്ല. സിൽവർലൈൻ സർവേ നടപടികളുമായി മുന്നോട്ട് പോകുമെന്ന് കെ റെയിൽ എം ഡി വ്യക്തമാക്കി.സംസ്ഥാനത്ത് കല്ലിടൽ നിർത്തിവച്ചതായി കരാർ ഏറ്റെടുത്ത ഏജൻസി ഇന്നലെ അറിയിച്ചിരുന്നു.പൊലീസ് സുരക്ഷ ഉറപ്പാക്കണമെന്ന് ഏജൻസി അറിയിച്ചതിനെ തുടർന്നായിരുന്നു തീരുമാനം.പ്രതിഷേധക്കാർ വാഹനങ്ങൾക്കും സർവേ ഉപകരണങ്ങൾക്കും കേട് പാടുകൾ വരുത്തുന്നു. വനിതകളടക്കമുള്ള ജീവനക്കാരേയും കൈയേറ്റം ചെയ്യുന്നു. ഇത്തരം സാഹചര്യങ്ങളിൽ സർവേ തുടരാൻ ബുദ്ധിമുട്ടാണെന്നും ഏജൻസി വ്യക്തമാക്കിയിരുന്നു.എറണാകുളം ജില്ലയിൽ സിൽവർലൈൻ സർവേ നിർത്തിവച്ചിരുന്നു. പൊലീസ് സുരക്ഷ ഉറപ്പാക്കിയാലേ സർവേ നടത്താനാകുവെന്ന് ഏജൻസി അറിയിച്ചതിനെ തുടർന്നായിരുന്നു തീരുമാനം. ഇക്കാര്യം കെ റയിൽ അധികൃതരെ അറിയിക്കുകയും ചെയ്തിരുന്നു.അതേസമയം എറണാകുളം ജില്ലയിൽ 12 കിലോമീറ്റർ മാത്രമേ സർവേ പൂർത്തീകരിക്കാനുള്ളൂ. വടക്കൻ കേരളത്തിലും ഇന്നലെ സർവേ നടപടികളില്ല. കണ്ണൂരിൽ പാർട്ടി കോൺഗ്രസ് തീരുന്നത് വരെ സർവേ നീട്ടി വയ്ക്കാനും ആലോചനയുണ്ട്.





# കണ്ണൂരിൽ വീട് കയറി ഡിവൈഎഫ്ഐയുടെ കെ റെയിൽ ബോധവത്കരണം

**കണ്ണൂർ :** കണ്ണൂരിൽ വീട് കയറി ഡിവൈഎഫ്ഐയുടെ കെ റെയിൽ ബോധവത്കരണം. ഭൂവുടമകളെ നേരിട്ട് കണ്ടാണ് പ്രചാരണം ശതമാക്കുന്നത്. പദ്ധതിയെ പറ്റി നേരിട്ട് വിശദീകരിക്കും. ആശങ്കയകറ്റാനാണ് വീടുകൾ കയറിയുള്ള പ്രചാരണമെന്നും ഡിവൈഎഫ്ഐ നേതൃത്വം വ്യക്തമാക്കി. സിൽവർ ലൈൻ പാത കടന്നുപോകുന്ന പ്രദേശത്തെ ഭൂവുടമകളെ കണ്ട് പദ്ധതി വിശദീകരിക്കും. ഇതിനോടൊപ്പം പദ്ധതിയുമായി ബന്ധപ്പെട്ട് ലഘുലേഖ കൂടി നൽകും. പദ്ധതിയുടെ ആവശ്യം അതിന്റെ പ്രാധാന്യം വിശദീകരിക്കുക എന്നതാണ് പ്രധാനമായി ഡിവൈഎഫ്ഐ ലക്ഷ്യമിടുന്നത്. ഡിവൈഎഫ്ഐ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിലാണ് കെ റെയിൽ ബോധവത്കരണ പരിപാടി. പദ്ധതി കേരളത്തിന് ആവശ്യമാണ് അതിനെ പറ്റി ജനങ്ങളോട് കൂടുതൽ വിശദീകരിക്കനാണ് ഇതു വഴി ലക്ഷ്യമിടുന്നത്.ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി വികെ സനോജ് കണ്ണൂരിലെ പ്രചാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കൂടാതെ ജില്ലയിലെ പ്രാദേശിക നേതൃത്വവും പ്രവർത്തനങ്ങളിൽ പങ്കെടുത്തു.കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത് ബോധപൂർവമുള്ള തെറ്റിധാരണയും ആശങ്കയുമുണ്ടാക്കാനുള്ള ശ്രമമാണ്. ബിജെപി, യുഡിഎഫ്, മറ്റ് സാമുദായിക പാർട്ടികൾ നടത്തുന്ന സമരത്തിന്റെ ലക്ഷ്യം കേരള വികസനതെ അട്ടിമറിക്കുക എന്നതാണ്. അതിലൂടെ ഇടത്പക്ഷത്തെ ഇല്ലാതാക്കുക എന്നതാണ്. അതുകൊണ്ടാണ് ബിജെപിയും കോൺഗ്രസ്സും ഒത്തുചേർന്നത്. ഇതിൽ നഷ്ടപ്പെടുന്നത് നാടിൻറെ വികസനമാണ്. ഇത് ജനങ്ങളോട് ബോധ്യപ്പെടുത്തണം. ഭൂവുടമകളെ നേരിൽ കണ്ട് പദ്ധതി വിശദീകരിക്കുമെന്ന് ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി വി കെ സനോജ് വ്യക്തമാക്കി.

# കെ–റെയിൽ വിരുദ്ധ സമരത്തിൽ പങ്കെടുത്ത കെ സി തങ്കച്ചനോട് വിശദീകരണം തേടി സിപിഐ

**തിരുവനന്തപുരം:** സിൽവർ ലൈൻ വിരുദ്ധ സമരത്തിൽ പങ്കെടുത്ത സിപി ഐ ലോക്കൽ സെക്രട്ടറി കെ സി തങ്കച്ചനോട് പാർട്ടി വിശദീകരണം തേടി. സിപിഐ പിറവം മണ്ഡലം കമ്മറ്റി ആണ് വിശദീകരണം ചോദിച്ചത്. മൂന്ന് ദിവസത്തിനകം മറുപടി നൽകാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. വിശദീകരണം തൃപ്തികരമല്ലെങ്കിൽ നടപടി എടുക്കുമെന്ന് സിപിഐ എറണാകുളം ജില്ല സെക്രട്ടറി പി രാജു പറഞ്ഞു. മുന്നണി തീരുമാനത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.കെ സി തങ്കച്ചന്റേത് അച്ചടക്ക ലംഘനമാണെന്ന് അദ്ദേഹം പറഞ്ഞു. പാർട്ടി അംഗങ്ങൾ സിൽവർ ലൈൻ വിരുദ്ധ സമരങ്ങളിൽ പങ്കെടുത്താൽ നടപടി ഉണ്ടാകും. കെ സി തങ്കച്ചനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

# കേരളത്തിൽ ജനപിന്തുണയില്ലാത്ത സമരാഭാസം; എ. വിജയരാഘവൻ

**തിരുവനന്തപുരം:** സിൽവർ ലൈനിന്റെ പേരിൽ കോൺഗ്രസും ബി.ജെ.പിയും കേരളത്തിൽ നടത്തുന്നത് ജനപിന്തുണയില്ലാത്ത സമരാഭാസമാണെന്ന് സി.പി.ഐ.എമ്മിന്റെ മുതിർന്ന നേതാവ് എ. വിജയരാഘവൻ. കേരളത്തിൽ സി.പി.എം ഭരിക്കുമ്പോൾ വികസനം വരരുത് എന്ന കാഴ്ച്ചപ്പാടാണ് കോൺഗ്രസിനുള്ളത്. കേരളത്തിൽ നിന്നുള്ള കോൺഗ്രസ് എം.പിമാർ വികസനത്തിന് എതിരാണ് എന്ന സന്ദേശം ജനങ്ങൾ മനസിലാക്കിക്കഴിഞ്ഞു. രാജ്യത്ത് ഒരു സർക്കാരും നൽകാത്ത മികച്ച പുനരധിവാസ പാക്കേജാണ് സിൽവർ ലൈനിൽ നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

# സിൽവർ ലൈനിൽ ഏകപക്ഷീയ തീരുമാനമെടുക്കാൻ സർക്കാരിനെ അനുവദിക്കില്ലെന്ന് ബി.ജെ.പി

**തിരുവനന്തപുരം:** പണമില്ലാതെ എങ്ങനെയാണ് സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നതെന്നും ഏകപക്ഷീയമായ തീരുമാനമെടുക്കാൻ സംസ്ഥാന സർക്കാരിനെ അനുവദിക്കില്ലെന്നും ബി.ജെ.പി ദേശീയ ജനറൽ സെക്രട്ടറി സി.ടി. രവി. ജനിക്കാൻ പോകുന്ന കുട്ടികൾക്കുവരെ ബാധ്യതയാകുന്ന തരത്തിൽ ഇത്രയധികം തുക കടമെടുത്തുള്ള വമ്പൻ പദ്ധതി ആർക്കുവേണ്ടിയാണ് നടപ്പാക്കുന്നത്. പിണറായി സർക്കാർ ജനവികാരം കണക്കിലെടുത്ത് പദ്ധതി ഉപേക്ഷിക്കുകയാണ് ചെയ്യേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി.

# രാഹുൽഗാന്ധിക്കില്ലാത്ത ബേജാർ കോൺ. എം.പിമാർക്ക്: മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം: കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധിക്ക് ഇല്ലാത്ത എന്ത് ബേജാറാണ് കെ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് യു.ഡി.എഫ് എം.പിമാർക്കുള്ളതെന്ന് മന്ത്രി വി.ശിവൻകുട്ടി ചോദിച്ചു.ശശി തരൂർ മാർച്ചിൽ പങ്കെടുക്കാത്തത് എന്തുകൊണ്ടാണെന്ന് യു.ഡി.എഫ് എം.പിമാർ പരിശോധിക്കുന്നത് നല്ലതാണ്. കെ സുധാകരൻ പങ്കെടുക്കാത്തത് പൊലീസിന്റെ തല്ല് പേടിച്ചാണ്. കേരളത്തോടുള്ള കേന്ദ്ര അവഗണനയ്ക്കെതിരെയോ, ഇന്ധനവില വർദ്ധനവിനെതിരെയോ അല്ല യു.ഡി.എഫ് എം.പിമാർ ഡൽഹിയിൽ മാർച്ച് നടത്തിയത്. മന്ത്രിമാരുടെ വസതികളിൽ കല്ലിടുമെന്ന ഭീഷണി ബി.ജെ.പിയുടെ രാഷ്ട്രീയ പാപ്പരത്തമാണ്. കേരളത്തിന്റെ വികസനം പിന്നോട്ടടുപ്പിക്കുന്നതിൽ ബി.ജെ.പിയും കോൺഗ്രസും ഒറ്റക്കെട്ടാണെന്നും ശിവൻകുട്ടി പറഞ്ഞു.



# സിൽവർലൈൻ വിരുദ്ധ സമരങ്ങളെ നേരിടാൻ സിപിഎം ദേശീയതല പ്രചാരണത്തിന്

തിരുവനന്തപുരം: സിൽവർ ലൈൻ സമരങ്ങളെ നേരിടാൻ ദേശീയതലത്തിൽ പ്രചാരണത്തിനൊരുങ്ങി സിപിഎം. സിൽവർലൈനിനെതിരായ പ്രതിഷേധങ്ങൾ ദേശീയ ശ്രദ്ധ നേടിയ സാഹചര്യത്തിലാണ് സിപിഎമ്മിന്റെ നീക്കം. പാർട്ടി കോൺഗ്രസിന് ശേഷം പദ്ധതിക്ക് വേണ്ടി ദേശീയതലത്തിൽ പാർട്ടി പ്രചാരണം നടത്തും. സിൽവർലൈൻ പദ്ധതി സംസ്ഥാനത്തിന് പുറത്തും പ്രതിഷേധത്തിനിടയാക്കിയിരുന്നു. കഴിഞ്ഞ ദിവസം പാർലമെന്റിൽ ഈ വിഷയം കോൺഗ്രസും ബിജെപിയും ഉന്നയിച്ചിരുന്നു. ഇതോടെ ദേശീയ തലത്തിലും സിൽവർലൈൻ ഉയർന്നു വന്നു. ഇതിനാലാണ് ദേശീയ തലത്തിൽ സിൽവർലൈൻ പദ്ധതിക്കെതിരായ പ്രതിഷേധങ്ങളെ നേരിടാൻ സിപിഎം തീരുമാനിച്ചത്. സംഘടനാതലത്തിൽ ഇതിനുള്ള നടപടികൾ തുടങ്ങും. ദേശീയ തലത്തിൽ വലിയ പ്രചാരണങ്ങൾ നടത്താനാണ് തീരുമാനം.പാർട്ടി കോൺഗ്രസ് കഴിഞ്ഞാൽ എല്ലാ ബഹുജന സംഘടനകളേയും ഒത്തിണക്കിക്കൊണ്ട് വലിയൊരു പ്രചാരണ പരിപാടികളിലേക്ക് പാർട്ടി പോകുമെന്നാണ് വിവരം. പദ്ധതിക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് പാർട്ടി ലക്ഷ്യം. എത്രയും പെട്ടെന്ന് പദ്ധതി നടപ്പിലാക്കുക എന്നാവശ്യപ്പെട്ടു കൊണ്ടുള്ള പ്രചാരണങ്ങൾക്കായിരിക്കും ഊന്നൽ നൽകുക. സംഘടനാ തലത്തിൽ ശക്തമായ പ്രചാരണ പരിപാടികൾ നടത്താനും ധാരണയായിട്ടുണ്ട്.



# ഭൗമ മണിക്കൂർ ആചരണത്തിന് നിയമസഭയും

തിരുവനന്തപുരം: ഊർജ്ജ ഉപഭോഗത്തെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കാനുള്ള വേൾഡ് വൈഡ് ഫണ്ട് നേച്ചർ ഇന്ത്യയുടെ ഈ വർഷത്തെ ഭൗമ മണിക്കൂർ ആചരണത്തിൽ കേരള നിയമസഭയും പങ്കുചേരും. മാർച്ച് 26ന് രാത്രി 8.30 മുതൽ 9.30 വരെ നിയമസഭാമന്ദിരത്തിലെ വൈദ്യുതിവിളക്കുകൾ അണയ്ക്കും. രാത്രി 8.30 മുതൽ 9.30 വരെ എല്ലാവരും വീടുകളിലും സ്ഥാപനങ്ങളിലും വൈദ്യുതിവിളക്കുകളും ഉപകരണങ്ങളും അണച്ച് ഭൗമ മണിക്കൂറിന്റെ ഭാഗമാകണമെന്ന് സ്പീക്കർ എം.ബി. രാജേഷ് അറിയിച്ചു.



# Sleep isn't for the weak: How a good night's rest ensures you're healthy, wealthy, and wise

Dr. Athul Francis, Consultant Pulmonologist, MBBS,MD,DNB (Respiratory Medicine), MAJ Hospital, Kochi.

**Kochi** - A modern-day belief is that sleep is for the weak. The day is spent working several hours at the office, giving an hour (or two) for food and exercise. Free time then is dedicated to binge watching shows for hours on end, which results in a maximum of 3-4 hours of sleep every night.Dr. Athul Francis, Consultant Pulmonologist, MBBS,MD,DNB (Respiratory Medicine), MAJ Hospital, Kochi told people who follow this routine (and yes, there are many) probably believe that fewer hours of sleep is good, but what they fail to realise is that fewer hours of sleep will mean lesser time of deep sleep. Deep sleep for a person who sleeps for an average of eight hours every night can range from anything between 30 minutes (poor) to 90 minutes (good). It is during this time that the body repairs itself. People with fewer hours of deep sleep tend to have more health-related issues.Several medical conditions - especially lifestyle diseases - such as diabetes, obesity, and cardiovascular diseases slowly develop due to this lack of sleep, which in turn results in further complications. One of these complications is sleep apnea. Interestingly, sleep apnea can also be a preexisting condition, which prevents an individual from having a good night's sleep, thereby resulting in these conditions. You can therefore say that sleep apnea and lifestyle disease go hand-in-hand.

**What is Obstructive Sleep Apnea?**

Sleep apnea is a sleep disorder where a person's breathing stops involuntarily due to over-relaxation of throat muscles. Such pauses in breath occur multiple times throughout the night leading to disrupted and poor quality sleep.SleepApnoeas can have detrimental effects on your everyday life as well as contribute to other health complications including cardiac complications.

While sleep apnea is slowly getting recognised as a condition even amongst the non-medical community, there is still a lot more to be done.  In 2007, according to a Lancet report, WHO estimated that more than 100 million individuals were affected by obstructive sleep apnea worldwide,17 but this estimate was acknowledged to be only an approximation based on data available at the time.

While there are several types of sleep apnea, the most common one is obstructive sleep apnea (OSA). Its symptoms include excessive daytime sleepiness, loud snoring, episodes of stopped breathing during sleep(-choking episodes), abrupt awakenings due to choking episodes, waking up with a sore throat or a dry mouth, waking up with a headache, mood swings and irritability, as well as high BP, lack of attention and concentration at workplace, decreased work efficiency,sweating at night, and a decreased sex drive.

The need for a good night's rest

We spend a third of our lives sleeping, so we might as well do it right, correct? Let's face it: a good night's sleep is essential for all individuals to be productive during the day. Lack of this sleep will only cause further health complications.

Furthermore, a good night's sleep depends on the amount of Rapid Eye Movement (REM) per night. Indians have one of the lowest REM rates in the world, on par with Japan. But how much REM is good? Experts point out that a healthy adult goes through 3-5 REM cycles per night, which is around 20-25% of your sleep. So if you have 7-8 hours of sleep, around 90 minutes of REM is considered good.

Fixing all these factors is manifold. If you have lifestyle conditions, you will have to focus on a healthy lifestyle, which in turn will enable you to sleep better at night, and thereby tackle your sleep apnea. However, if your sleep apnea is a preexisting condition that has resulted in lifestyle disease, then you need to get yourself treated for the condition.

ResMed study

More recently, an online survey was conducted by Atomik Research among 17,040 respondents. Of this, 39% attributed snoring to a good night's sleep, while 53% disagreed with this. While the numbers are staggering, the good news is that people are more aware of sleep apnea compared to five years ago. Those who did snore said that they needed help.

**How to tackle sleep apnea?**

ResMed has launched the Home Sleep Test in India to help patients/ physicians diagnose millions of Indians who suffer from undiagnosed sleep apnea. The unique test is a comprehensive sleep kit that has been approved by US-FDA for accurate and safe results.

If you think you aren't sleeping right, you diagnose your sleep with the home sleep test at the comfort of your own four walls. You can book your sleep testhere - and follow the simple instructions to activate the sleep test. The Home Sleep Test allows a patient to assess his results via email by a certified sleep specialist at ResMed along with suitable therapies and treatments. To book an appointment with a sleep coach assistance, call this toll-free number - 1800-103-3969.

Remember, a good night's sleep is important in your overall well-being, and ensuring you are happy while staying awake.




# ചെറുവിമാനങ്ങളിലൂടെ സുപ്രധാന ചുവടുവയ്പ്പുമായി ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ്

തെലങ്കാന: കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് (എച്ച്എഎൽ) 19 സീറ്റുള്ള പുതിയ ചെറുയാത്രാ വിമാനം പുറത്തിറക്കി. ചെറിയ യാത്രാ വിമാനങ്ങൾ വികസിപ്പിക്കാനുള്ള ഇന്ത്യയുടെ സുപ്രധാന ദൗത്യത്തിന്റെ ആദ്യ ചുവടുവയ്പ്പാണിത്. ഹിന്ദുസ്ഥാൻ 228 എന്നു പേരുൽകിയ വിമാനത്തിന് എയർസ്ട്രിപ്പുകളിലൂടെ അനായാസം പറന്നുയരാനും ഇറങ്ങാനും സാധിക്കും. ഇത്തരം വിമാനങ്ങൾക്ക് വിപണിയിൽ വലിയ സാധ്യതകളുണ്ടെന്നും ഹ്രസ്വദൂര യാത്രകൾക്കായി ഇന്ത്യയിലും ലോകത്താകമാനവും സെമിറൺവേകളിൽ പോലും പ്രവർത്തിപ്പിക്കാവുന്ന ഇത്തരം ചെറുവിമാനങ്ങളുണ്ടെന്നും ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് ജനറൽ മാനേജർ അപൂർബ റോയ് പറഞ്ഞു. മൾട്ടി യൂട്ടിലിറ്റി വിമാനമായ ഈ ചെറു വിമാനങ്ങൾ ആംബുലൻസ്, കാർഗോ, പാരാ ഡ്രോപ് തുടങ്ങിയ നിരവധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാകുമെന്നും അദ്ദേഹം വ്യക്തമാക്കി.ഇത്തരത്തിൽ ആറ് വിമാനങ്ങൾ കൂടി ഉടൻ നിർമിക്കാനാണ് എച്ച്എഎൽ ലക്ഷ്യമിടുന്നത്. അതേസമയം ഈ വിമാനങ്ങളിൾ വലിയ വിമാനങ്ങളിലുള്ള ടോയ്ലെറ്റ് സൗകര്യം ഉണ്ടായിരിക്കില്ല. അധികമായി ടോയ്ലെറ്റ് ഉൾപ്പെടുത്തണമെങ്കിൽ സീറ്റുകളുടെ എണ്ണം 17 ആയി പരിമിതപ്പെടും. നിലവിൽ 19 പേർക്കാണ് ഹിന്ദുസ്ഥാൻ 228 വിമാനത്തിൽ സഞ്ചരിക്കാനാവുക.ഇന്ത്യയിലാണ് നിർമാണമെങ്കിലും വിമാനത്തിന്റെ എൻജിൻ വിദേശ നിർമ്മിതമാണ്. ഡോർണിയർ കമ്പനിയുടെതാണ് ഡിസൈൻ. സർവീസിനായി വിമാനം ഒരുങ്ങുന്നതിന് മുന്നോടിയായുള്ള എല്ലാ പരിശോധനകളും നിലവിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്താനായി വിവിധ സംസ്ഥാന സർക്കാരുകളും സ്വകാര്യ വ്യക്തികളും ഹിന്ദുസ്ഥാൻ 228 ചെറുവിമാനത്തിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും അപൂർബ റോയ് വ്യക്തമാക്കി.




# ഒരു രൂപയ്ക്ക് ആർ ആർ ആർ സിനിമ വൗച്ചറുമായി പേടിഎം

ഇന്ത്യയിലെ പ്രമുഖ ഡിജിറ്റൽ പേയ്മെന്റ് സാമ്പത്തിക- സേവന ദാതാക്കളായ പേടിഎം, എസ്എസ് രാജമൗലിയുടെ പുതിയ ചിത്രമായ ആർ ആർ ആർ സിനിമയുടെ ടിക്കറ്റുകൾ ഒരു രൂപയ്ക്ക് ലഭ്യമാക്കും. യുപിഐ അടിസ്ഥാനമാക്കിയുള്ള ഓഫറാണിത്. മാർച്ച് 27 വരെ പേടിഎം യുപിഐ വഴി 9711656565 എന്ന നമ്പറിലേയ്ക്ക് ഒരു രൂപ തൽക്ഷണ ഇടപാടു നടത്തി, പേടിഎം ഉപയോക്താക്കൾക്ക് 150 രൂപ വരെയുള്ള, ആർ ആർ ആർ മൂവി വൗച്ചറുകൾ നേടാം. ആർ ആർ ആർ മൂടി ടിക്കറ്റുകൾ ബുക്കു ചെയ്യുമ്പോൾ ഈ വൗച്ചറുകൾ റിഡീം ചെയ്യാം. മാർച്ച് 25-ന് ആഗോളതലത്തിൽ റിലീസ് ചെയ്യുന്ന ആർ ആർ ആർ എന്ന ചലച്ചിത്രം, ഏറ്റവും കൂടുതൽ പ്രേക്ഷകർ കാത്തിരിക്കുന്ന ഇന്ത്യൻ സിനിമകളിലൊന്നാണ്. എസ്എസ് രാജമൗലി സംവിധാനം ചെയ്ത മാഗ്നം ഓപ്പസിൽ ജൂനിയർ എൻടിആർ, രാം ചരൺ, അജയ് ദേവ്ഗൺ, ആലിയ ഭട്ട്, ഒലിവിയ മോറിസ്, സമുദ്രക്കനി, അലിസൺ ഡ്യൂഡി, ശ്രിയ ശരൺ, റേ സ്റ്റിവൻസൺ എന്നിവരാണ് താരനിര. വിമാന ടിക്കറ്റുകൾ, ബസ് ടിക്കറ്റുകൾ, ട്രെയിൻ ടിക്കറ്റുകൾ, മെട്രോ ടിക്കറ്റുകൾ എന്നിവയും പേടിഎം വഴി ബുക്കു ചെയ്യാം. പേടിഎം വാലറ്റ്, പേടിഎം യുപിഐ, നെറ്റ് ബാങ്കിംഗ്, ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ തുടങ്ങിയ പേയ്മെന്റ് സംവിധാനത്തിലൂടെ ഇത്തരം ബുക്കിംഗുകൾ അതിവേഗം നടത്താം.




# സിനിമാ പോസ്റ്റുകളുടെ അമൂല്യശേഖരം വില്പനയ്ക്ക്

ദിലീപ് കുമാർ, സൈറാ ബാനു, ധർമേന്ദ്ര, രാജേഷ് ഖന്ന എന്നിവർക്കും സത്ജിത് റേ, ബിമൽറോയ് എന്നിവരുടെ സിനിമകൾക്കും ആദരവുകൾ അർപ്പിക്കും. ഓൺലൈൻ ലേല സംഘടനയായ ഡിറിവാസ് ആൻഡ് ഇവ്സിന്റെ ആഭിമുഖ്യത്തിലുള്ള, ഇന്ത്യൻ പൈതൃക സിനിമാപോസ്റ്റർ ശേഖരത്തിന്റെ ലേലം ഏപ്രിൽ 8,9 തീയതികളിൽ നടക്കും. ലേലത്തിന്റെ വെബ്സൈറ്റായ ०००.റല്യശ്ഖശ്ല.രീ.ൽ നിന്നും കൂടുതൽ വിവരങ്ങൾ അറിയാം. 2002-ലെ ഓസിയാൻസ് ഹിസ്റ്ററിക്കൽ മേള സെയിൽസിനുശേഷം നടക്കുന്ന പ്രഥമ ലേലമാണിത്.ആവാര മുതൽ മദർ ഇന്ത്യ വരെ; മുഗൾ-ഇ-അസം മുതൽ ജംഗ്ളി വരെ; കമോഷി മുതൽ മജ്ബൂർ വരെയുള്ള, അഭ്രപാളിയിലെ ഇതിഹാസ ചിത്രങ്ങളുടെ ആദ്യ ദിവസത്തെ തന്നെ ഒറിജനൽ പോസ്റ്ററുകൾ ലേലത്തിനെത്തും. ഓസിയാൻ- ലേലം- ചരിത്ര മേളയ്ക്കു ശേഷം 20 വർഷത്തിനു ശേഷമാണ് പ്രസ്തുത ലേലം. ഇന്ത്യൻ ഫിലിം പബ്ലിസിറ്റി ഉല്പന്നങ്ങൾക്കു വേണ്ടിയുള്ള ഒരു വിശ്വസ്ത സാമ്പത്തിക വിപണി യായ എബിസിയുടെ സാന്നിധ്യം മേളയിൽ ശ്രദ്ധേയമാണ്. ഇന്ത്യയുടെ വിശാലമായ സിനിമാറ്റിക് ചരിത്രത്തിലെ, ഒറിജിനൽ പ്രഥമ ദിന പോസ്റ്ററുകളാണ് പുതുമ മാറാതെ ഉപഭോക്താക്കളെ തേടി എത്തുന്നത്. ആഗോള ഇന്റർനെറ്റിൽ ഇവയൊന്നും ലഭ്യമല്ല. സത്യജിത് റേ, ദിലീപ്കുമാർ, ബിമൽ റോയ്, ധർമേന്ദ്ര, രാജേഷ് ഖന്ന, സൈറാ ബാനു, പാമാർട്ട് സ്റ്റുഡിയോ എന്നിവരെല്ലാം ആദരിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടും. കടലാസിൽ അധിഷ്ഠിതമായ സിനിമാറ്റിക പൈതൃകം സംരക്ഷിക്കാനുള്ള വലിയ ഉത്തരവാദിത്വം ഇന്ത്യൻ ഫിലിം കൂട്ടായ്മ ഏറ്റെടുക്കുന്നില്ലെങ്കിൽ അതിന്റെ ഫലം ഗുരുതരമായിരിക്കുമെന്ന് ഡിറിവാസ് ആന്റ് ഇവ്സ് അംബാസഡർ (റിട്ട) നിരഞ്ജൻ ദേശായി പറഞ്ഞു. ആമിർഖാൻ, ഷാരുഖ് ഖാൻ, അനിൽ കപൂർ, അനുപം ഖേർ, ദിയ മിർസ തുടങ്ങി ഒട്ടേറെ പ്രമുഖർ ഓസിയാൻ ലേലത്തിൽ നിന്ന് പോസ്റ്ററുകൾ വാങ്ങുകയുണ്ടായി.ആവാര (1951) ജംഗ്ളി (1961), മുഗൾ ഇ-അസം (1961), ജുവാരി (1968), ധരംമിൽ (1977), മജ്ബൂർ (1974) യാരാന (1981) ഖമോഷി (1969) മദർ ഇന്ത്യ (1957) എന്നിവ ലേലത്തിനെത്തുന്ന പ്രധാന പോസ്റ്ററുകളിൽ ഉൾപ്പെടും.



# ഈ ലോജിസ്റ്റിക്സ് കമ്പനിയും വിപണിയിലേക്ക് എത്തുന്നു, സമാഹരിക്കാൻ ലക്ഷ്യമിടുന്നത് 1,100 കോടി

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രിസ്റ്റീൻ ലോജിസ്റ്റിക്സ് ആൻഡ് ഇൻഫ്രാപ്രോജക്ട്സ് ലിമിറ്റഡ് ഓഹരി വിപണിയിലേക്ക് ചുവടുവയക്കാനൊരുങ്ങുന്നു.പ്രാഥമിക ഓഹരി വിൽപ്പനയിലൂടെ 1,100 കോടി സമാഹരിക്കാൻ കമ്പനി പദ്ധതിയിടുന്നതായാണ് റിപ്പോർട്ട്. ഇതിനുമുന്നോടിയായി കമ്പനി അതിന്റെ ഡ്രാഫ്റ്റ് റെഡ് ഹെറിംഗ് പ്രോസ്പെക്ടസ് അടുത്ത ആഴ്ച സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയ്ക്ക് സമർപ്പിക്കും. ഓഫർ ഫോർ സെയ്ലിനൊപ്പം ഓഹരികളുടെ പുതിയ ഇഷ്യുവും ഐപിഒയിലുണ്ടാകും. ഐപിഒയിലൂടെ ലഭിക്കുന്ന വരുമാനം പ്രവർത്തന മൂലധനത്തിനും പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾക്കുമാണ് വിനിയോഗിക്കുക. 2009ൽ സ്ഥാപിതമായ, ലോജിസ്റ്റിക്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ലുധിയാന, ഫരീദാബാദ്, പട്ന, സിലിഗുരി, കൊൽക്കത്ത, പിപാവാവ്, മുന്ദ്ര, നേപ്പാൾ തുടങ്ങിയ നഗരങ്ങളിലാണ് പ്രവർത്തിക്കുന്നത്. അതിന്റെ അനുബന്ധ സ്ഥാപനമായ പ്രിസ്റ്റീൻ മാൽവ ലോജിസ്റ്റിക്സ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് ദക്ഷിണേന്ത്യയിലേക്ക് പ്രവേശിക്കാനൊരുങ്ങുകയാണ്. കോഫി ഡേ എന്റർപ്രൈസസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സിക്കൽ ലോജിസ്റ്റിക്സ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിക്കുന്നുണ്ട്. ഇത് യാഥാർത്ഥ്യമായാൽ കമ്പനിക്ക് ദക്ഷിണേന്ത്യയിൽ ശക്തമായ സാന്നിധ്യമുണ്ടാകും. നിലവിൽ, കമ്പനി റെയിൽ-ലിങ്ക്ഡ് ലോജിസ്റ്റിക് പാർക്കുകളും കണ്ടെയ്നർ ടെർമിനലുകളും ഒരുക്കുകയും പ്രവർത്തിപ്പിക്കുകയുമാണ് ചെയ്യുന്നത്. കൂടാതെ, ബൾക്ക്, ബ്രേക്ക് ബൾക്ക് ചരക്കുകളുടെ വിതരണവും കമ്പനി കൈകാര്യം ചെയ്യുന്നുണ്ട്. ക്രൂഡ്-എഡിബിൾ ഓയിൽ സംഭരണവും ഗതാഗത സൗകര്യങ്ങളും കമ്പനിക്ക് സ്വന്തമായുണ്ട്. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവയെയാണ് ഐപിഒയുടെ മാനേജർമാരായി നിയമിച്ചിട്ടുള്ളത്.

PRAVASI-WORLD



# കാനഡയിൽ ജസ്റ്റിൻ ട്രൂഡൊ 2025 വരെ അധികാരം തുടരുന്നതിന് എൽ.ഡി.പി.യുമായി ധാരണ

**ഒട്ടാവ (കാനഡ):** കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡൊയുടെ ലിബറൽ പാർട്ടി ജഗമീറ്റ് സിംഗിന്റെ ന്യൂ ഡമോക്രാറ്റിക്ക് പാർട്ടിയുമായി 2025 വരെ അധികാരത്തിൽ തുടരുന്നതിന് ധാരണയായതായി മാർച്ച് 22ന് ജസ്റ്റിൻ ട്രൂഡൊയുടെ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.ന്യൂനപക്ഷ പാർട്ടിയായി ലിബറൽ പാർട്ടിക്ക് 2025 വരെ അധികാരത്തിൽ തുടരണമെങ്കിൽ എൻ.ഡി.പി.യുടെ പിന്തുണ ആവശ്യമാണ്. ആകെയുള്ള 338 സീറ്റിൽ 159 സീറ്റ് മാത്രമാണ് ലിബറൽ പാർട്ടിക്കുള്ളത്. എൻ.ഡി.പി.ക്ക് 25 സീറ്റും.2022 മുതൽ 2025 വരെയുള്ള വർഷങ്ങളിൽ നാലു ബഡ്ജറ്റ് സമ്മേളനങ്ങളാണ് നടക്കേണ്ടത്. ബഡ്ജറ്റ് സമ്മേളനങ്ങളിൽ ആരെങ്കിലും അവിശ്വാസ പ്രമേയങ്ങൾ അവതരിപ്പിക്കുകയാണെങ്കിൽ അതിനെ എതിർത്തു വോട്ടു ചെയ്യുന്നതിനും എൻഡിപി, ലിബറൽ പാർട്ടികൾ സമ്മതിച്ചിട്ടുണ്ട്.വളരുന്ന സാമ്പത്തിക രംഗം, ഗ്രീൻ ജോബ്, കാലാവസ്ഥ വ്യകതിയാനം തുടങ്ങിയ നയപരമായ വിഷയങ്ങളിൽ സാധാരണ ജനങ്ങളുടെ ജീവിതക്ഷേമത്തിനുതകുന്ന തീരുമാനങ്ങൾ ഇരുപാർട്ടികളും തമ്മിൽ ആലോചിച്ചു തീരുമാനിക്കും. ശിശുക്ഷേമം, ഹെൽത്ത്കെയർ, ഹൗസിംഗ് ഇതിൽ ഉൾപ്പെടും.ന്യൂ ഡെമോക്രാറ്റിക്ക് പാർട്ടി ലീഡറും ഇന്ത്യൻ കനേഡിയനുമായ ജഗ് മീറ്റ് സിംഗ് നടത്തിയ വെർച്യുൽ പ്രസ് കോൺഫ്രൻസിൽ പ്രസിഡന്റ് ജസ്റ്റിൻ ട്രുഡോയുമായി ഭരണത്തിനു പിന്തുണ നൽകുന്ന കരാറിൽ ഒപ്പിട്ടതായി സ്ഥിരീകരിച്ചു. നിലവിൽ കനേഡിയൻ ഹൗസിൽ 338 അംഗങ്ങളാണ് ആകെ ഉള്ളത്. ഇതിൽ ന്യൂനപക്ഷ ഭരണകക്ഷിയായ ലിബറലിന്(159), കൺസർവേറ്റീവ് (119), ബ്ലോക്ക് ക്യുബികോയ്സ്(32), എൻ.ഡി.പി.ക്ക് (25), ഗ്രീൻപാർട്ടി(2), സ്വതന്ത്രർ 1 എന്നിവയാണ് കക്ഷിനില എൻ.ഡി.പി.യുടെ പിന്തുണ ലഭിച്ചതോടെ ഭരണപക്ഷത്തിനു 184 അംഗങ്ങളുടെ പിന്തുണ ലഭിച്ചു.



# മനുഷ്യ രക്തത്തിൽ പ്ലാസ്റ്റിക്കിന്റെ അംശം കണ്ടെത്തി; ഗുരുതരമെന്ന് ഡച്ച് ഗവേഷകർ

**ആംസ്റ്റർഡാം:** മനുഷ്യ രക്തത്തില് പ്ലാസ്റ്റിക്കിന്റെ അംശമുണ്ടെന്ന കണ്ടെത്തലുമായി ഡച്ച് ഗവേഷകര്. പരിശോധന നടത്തിയ 77 ശതമാനം പേരുടെ സാമ്ബിളിലും മൈക്രോപ്ലാസ്റ്റിക്കിന്റെ അംശം കണ്ടെത്തിയതായി ഗവേഷകര് കണ്ടെത്തി.പോളി എത്തിലീന് ടെറാഫ്ത്താലേറ്റിന്റെ അംശമാണ് പ്രധാനമായും മനുഷ്യരക്തത്തില് കണ്ടെത്തിയത്. വെള്ളം, ഭക്ഷണം, വസ്ത്രം എന്നിവ പൊതിയാനുപയോഗിക്കുന്നതാണ് എത്തിലീന് ടെറാഫ്ത്താലേറ്റ്. വായുവിലൂടെയും ഒപ്പം ഭക്ഷണം, ജലം എന്നിങ്ങനേയും പ്ലാസ്റ്റിക് മനുഷ്യ ശരീരത്തിലേക്ക് കടക്കുന്നുണ്ടെന്ന് ഗവേഷകരില് ഒരാള് ബ്രിട്ടീഷ് മാധ്യമമായ 'ദ ഇന്ഡിപ്പെന്റ്' നോട് വ്യക്തമാക്കി'വലിയ അളവില് മനുഷ്യശരീരം പ്ലാസ്റ്റിക് അകത്താക്കുന്നുവെന്നതിന് തെളിവാണ് രക്തത്തില് ഇവയുടെ അംശമുണ്ടെന്നുള്ളത്. ഗുരുതര ഭീഷണിയാണിത്'-നെതര്ലന്റിലെ അംസ്റ്റഡാമിലുള്ള വ്റിജി സര്വകലാശാലയിലെ ഇക്കോ ടോക്സിക്കോളജി, വാട്ടര് ക്വാളിറ്റി ആന്റ് ഹെല്ത്തിലെ പ്രൊഫസറായ ഡിക്ക് വെത്താക് പറഞ്ഞു.5 തരം പ്ലാസ്റ്റിക്കുകളുടെ സാന്നിധ്യമാണ് പരിശോധിച്ചത്. 22 പേരിലാണ് പരിശോധന നടത്തിയത്. 22 ല് 17 പേരുടേയും രക്തത്തില് വലിയ അളവില് പ്ലാസ്റ്റിക് കണ്ടെത്തുകയായിരുന്നു. പോളിസ്റ്റെറീന് പ്ലാസ്റ്റിക്കാണ് അളവില് രക്തത്തില് രണ്ടാമതായുള്ളത്. വീട്ടുപകരണങ്ങളുണ്ടാക്കുന്നതിനാണ് ഇത് കൂടുതലായി ഉപയോഗിക്കുക. പോളി എത്തിലീന്റെ അംശവും കണ്ടെത്തി.



# മൂന്നാം ലോക മഹായുദ്ധത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകി ബെലറുസ്

**കിയവ്:** യുക്രെയ്നില് പാശ്ചാത്യ സമാധാന സേനയെ വിന്യസിക്കാനുള്ള പോളിഷ് നിർദ്ദേശം മൂന്നാം ലോക മഹായുദ്ധത്തിന് കാരണമാകുമെന്ന് ബെലറുസ് മുന്നറിയിപ്പ് നൽകി.യുക്രെയ്നിൽ അധിനിവേശം നടത്താൻ റഷ്യക്ക് ബയ്ലറുസിന്റെ പ്രദേശം ഉപയോഗിക്കാമെന്നറിയിച്ച ബെലറുസ് പ്രസിഡന്റ് അലക്സാണ്ടർ ലുക്ഷെങ്കോയാണ് മുന്നറിയിപ്പുമായി രംഗത്ത് വന്നിരിക്കുന്നത്. നിലവിൽ സ്ഥിതി അതീവ ഗുരുതരവും സംഘർഷഭരിതവുമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.റഷ്യയുടെ സൈനിക നടപടിക്കെതിരെ ഏതെങ്കിലും വിദേശ ഇടപെടൽ ഉണ്ടായാൽ റഷ്യ ശക്തമായി തിരിച്ചടിക്കുമെന്നും ഇതിൻറെ പ്രത്യാഘാതം വലുതായിരിക്കുമെന്നും ലുക്ഷെങ്കോ അഭിപ്രായപ്പെട്ടു. റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിന്റെ മുന്നറിയിപ്പിനെ തുടർന്നാണ് ലുക്ഷെങ്കോ പ്രസ്താവനയുമായി രംഗത്തുവരുന്നത്.അതേ സമയം യുക്രെയ്നിൽ ഭക്ഷ്യക്ഷാമം സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് റഷ്യ നടത്തുന്നതെന്ന് ചെർണിഹിവിലെ ഒരു പ്രാദേശിക ഗവൺമെന്റ് ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടു. ഈ ആഴ്ചയുടെ തുടക്കത്തിൽ റഷ്യ നടത്തിയ വ്യോമാക്രമണത്തിൽ ഡെസ്ന നദിക്ക് കുറുകെയുള്ള ഒരു പാലം തകർന്നതായും തെക്കൻ പ്രദേശങ്ങളിൽ നിന്ന് മരുന്നുകളും ഭക്ഷണവും ഉൾപ്പടെയുള്ള സഹായങ്ങൾ ഈ പാലം വഴിയാണ് എത്തിയിരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.അധിനിവേശത്തിന് മുമ്ബ് 285,000 ജനസംഖ്യയുണ്ടായിരുന്ന യുക്രെയ്നിലെ ചെർണിഹിവ് നഗരത്തിൽ പലായനങ്ങൾക്ക് ശേഷം 130,000-ലധികം പേരാണ് അവശേഷിക്കുന്നത്.

# മെയ് 9നകം യുദ്ധം അവസാനിപ്പിക്കാൻ റഷ്യ ആഗ്രഹിക്കുന്നുവെന്ന് യുക്രേനിയൻ സൈന്യം



യുക്രൈനിലെ റഷ്യൻ ആക്രമണം തുടരുമ്ബോൾ, മെയ് 9നകം യുദ്ധം അവസാനിപ്പിക്കാൻ മോസ്കോ ആഗ്രഹിക്കുന്നുവെന്ന് യുക്രേനിയൻ സൈന്യം അവകാശപ്പെട്ടു.മെയ് 9നകം യുദ്ധം അവസാനിപ്പിക്കണമെന്ന് റഷ്യൻ സൈനികരോട് ആവശ്യപ്പെട്ടതായി യുക്രൈനിലെ സായുധ സേനയുടെ ജനറൽ സ്റ്റാഫിൽ നിന്നുള്ള രഹസ്യാന്വേഷണ സ്രോതസുകളെ ഉദ്ധരിച്ച് കിയവ് ഇൻഡിപെൻഡൻറ് റിപ്പോർട്ട് ചെയ്യുന്നു.നാസി ജർമനിക്കെതിരായ വിജയദിനമാണ് മേയ് 9. അതുകൊണ്ടാണ് ഈ ദിവസത്തിനകം യുദ്ധം അവസാനിപ്പിക്കാൻ റഷ്യ ആഗ്രഹിക്കുന്നതെന്നാണ് റിപ്പോർട്ട്. അതിനിടെ, മോസ്കോ തങ്ങളുടെ ലക്ഷക്കണക്കിന് പൗരൻമാരെ റഷ്യയിലേക്ക് ബലമായി കൊണ്ടുപോയെന്ന് യുക്രൈൻ ആരോപിച്ചു. അവരിൽ ചിലരെ ബന്ദികളാക്കി കിയവിനെ സമ്മർദ്ദത്തിലാക്കാനാണ് ഉദ്ദേശ്യമെന്നും യുക്രൈൻ ചൂണ്ടിക്കാട്ടി. 84,000 കുട്ടികൾ ഉൾപ്പെടെ 402,000 പേരെ നിർബന്ധമായി റഷ്യ പിടിച്ചുകൊണ്ടുപോയെന്ന് യുക്രൈൻ ഓംബുഡ്സ് പേഴ്സൺ ല്യൂഡ്മൈല ഡെനിസോവ പറഞ്ഞു. എന്നാൽ റഷ്യയും സമാനമായ കണക്കുകൾ നിരത്തിയെങ്കിലും ഇവരെല്ലാം തങ്ങളുടെ രാജ്യത്തേക്ക് വരാൻ ആഗ്രഹിക്കുന്നതായും വ്യക്തമാക്കി.

# അമേരിക്കയിലെ ആദ്യ വനിതാ സ്റ്റേറ്റ് സെക്രട്ടറി അന്തരിച്ചു

**വാഷിങ്ടൻ:** അമേരിക്കയുടെ ആദ്യ വനിതാ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന മെഡലിൻ ആൾബ്രൈറ്റ് (84) അന്തരിച്ചു. അർബുദ രോഗമായിരുന്ന മരണ കാരണമെന്നു കുടുംബാംഗങ്ങൾ അറിയിച്ചു. 1996ലാണ് അന്നത്തെ പ്രസിഡന്റായിരുന്ന ബിൽ ക്ലിന്റൻ ഭരണത്തിൽ സ്റ്റേറ്റ് സെക്രട്ടറിയായി സുപ്രധാന പങ്കു വഹിച്ചു. ഇതിനു മുൻപ് യുണൈറ്റഡ് നേഷൻസ് യുഎസ് അംബാസഡറായും ഇവർ പ്രവർത്തിച്ചിരുന്നു. പ്രാഗിൽ നിന്നുള്ള മെഡലിൻ അമേരിക്കയുടെ അതുവരെയുള്ള ചരിത്രത്തിൽ ഏറ്റവും ഉയർന്ന റാങ്കിങ്ങിലുള്ള വനിതയായിരുന്നു. 2001ൽ ഇവർ ഈ സ്ഥാനത്തു നിന്നു വിരമിച്ചു. 2012ൽ ബറാക് ഒബാമ ഫ്രീഡം മെഡൽ നൽകി ഇവരെ ആദരിച്ചിരുന്നു.സ്ത്രീകളോട് ഏറ്റവും ഉയർന്ന രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണമെന്നു മെഡലിൻ ഉപദേശിച്ചു. മറ്റുള്ളവർ ചോദ്യങ്ങൾ ചോദിക്കുണമെന്ന് ആവശ്യപ്പെടുന്നതിനു മുൻപു ചോദ്യങ്ങൾ ഉന്നയിക്കണമെന്ന് ഇവർ സ്ത്രീകളോട് അഭ്യർഥിച്ചു.1959ൽ വെല്ലസ്ലി കോളജിൽ നിന്നു ബിരുദം നേടിയ ഇവർ 1968ൽ കൊളംബിയ യൂണിവേഴ്സിറ്റിയിൽ നിന്നു ബിരുദാനന്തര ബിരുദവും 1976ൽ പിഎച്ച്ഡിയും നേടി. കാർട്ടർ ഭരണത്തിൽ നാഷനൽ സെക്യൂരിറ്റി കൗൺസിൽ അംഗമായിരുന്നു. നിരവധി പുസ്തകങ്ങളും ഇവർ രചിച്ചിട്ടുണ്ട്. ജേണലിസ്റ്റ് ജോസഫ് ആൾബ്രൈറ്റിനെ വിവാഹം കഴിച്ചു. 3 പെൺ മക്കളുണ്ട്. 1983ൽ ഇവർ വിവാഹമോചിതയായി. 1937ൽ ചെക്ക്സ്ലോവാക്കിയയിലെ പ്രാഗിലായിരുന്നു ജനനം. 1939ൽ കുടുംബാംഗങ്ങളുമായി യൂറോപ്പിലേക്കു കുടിയേറി. 1948ലാണ് ഇവർ അമേരിക്കയിൽ എത്തുന്നതും ഡെൻവറിലാണ് ഇവർ ഹൈസ്കൂൾ ജീവിതം പൂർത്തീകരിച്ചത്





# ഞാൻ കാര്യമാക്കുന്നില്ല, അത് സാധാരണമാണ്; ഹർദിക്കുമായുള്ള താരതമ്യത്തെക്കുറിച്ച് വെങ്കിടേശ് അയ്യർ

ഐപിഎൽ പതിനഞ്ചാം പതിപ്പ് നാളെ മുംബൈയിൽ വച്ച് ആരംഭിക്കുകയാണ്. കഴിഞ്ഞവർഷത്തെ ഫൈനലിസ്റ്റുകളായ ചെന്നൈ സൂപ്പർ കിംഗ്സും കൊൽക്കത്ത നൈറ്റ് റൈഡേഴ്സും തമ്മിലാണ് ആദ്യ മത്സരം.കഴിഞ്ഞവർഷം ഫൈനലിൽ കൊൽക്കത്തയെ 27 റൺസിന് തോൽപിച്ചായിരുന്നു ചെന്നൈ നാലാം കിരീടം നേടിയത്.ഐപിഎൽ മെഗാ ലേലത്തിനു മുമ്ബ് നാലു കളിക്കാരെയായിരുന്നു കൊൽക്കത്ത നിലനിർത്തിയിരുന്നത്. അതിലൊരാളാണ് വെങ്കിടേശ് അയ്യർ. കഴിഞ്ഞ വർഷത്തെ മികച്ച പെർഫോമൻസാണ് കൊൽക്കത്ത താരത്തെ നിലനിർത്താൻ കാരണം.ഇപ്പോഴിതാ താരത്തിനെ ഹർദിക് പാണ്ഡ്യയുമായി താരതമ്യപ്പെടുത്തിയതിനെ കുറിച്ച്പ്രതികരിചിരിക്കുകയാണ് താരം. താരത്തിൻറെ വാക്കുകളിലൂടെ.. 'ഒരു ക്രിക്കറ്റർ എന്ന നിലയിൽ എനിക്ക് ഹർദ്ധിക് ഭായിനോട് വലിയ ബഹുമാനം ഉണ്ട്. അദ്ദേഹം ഇന്ത്യൻ ടീമിന് വേണ്ടി ചെയ്തത് അവിശ്വസനീയമായ കാര്യങ്ങൾ ആണ്.താരതമ്യപ്പെടുത്തൽ എല്ലാം സ്വാഭാവികമാണ്. ഞാൻ അതിന് വലിയ വില കൽപ്പിക്കുന്നില്ല. ഒരു പ്രൊഫഷണൽ ക്രിക്കറ്ററെന്ന നിലയിൽ ഏത് പൊസിഷനിലും സന്ദർഭങ്ങളിലും കളിക്കുവാൻ ഞാൻ തയ്യാറാണ്.ഞാൻ അതിനു വേണ്ടി മുൻപേ തയ്യാർ എടുത്തിട്ടുണ്ട്. ഒരു വലിയ ടൂർണ്ണമെൻറിൽ പോകുമ്ബോൾ ഓരോ കളിക്കാർക്കും അവരുടേതായ റോൾ ഉണ്ടെന്ന് നമുക്ക് മനസ്സിലാക്കണം. ഒന്നോ രണ്ടോ കളിക്കാർ മാത്രമല്ല നമ്മൾ മോശമായ നമ്മുടെ സ്ഥാനത്ത് കളിക്കാൻ നിൽക്കുന്നത്. നൂറുകണക്കിന് കളിക്കാർ കാത്തിരിക്കുന്നുണ്ട്.'-വെങ്കിടേഷ് അയ്യർ പറഞ്ഞു.



# ഏഴാം ജയം, അപരാജിത കുതിപ്പ് തുടർന്ന് ഓസ്ട്രേലിയ

വനിത ഏകദിന ലോകകപ്പിൽ ഏഴിൽ ഏഴ് വിജയങ്ങളും നേടി ഓസ്ട്രേലിയൻ കുതിപ്പ്. ഇന്ന് ബംഗ്ലാദേശിനെതിരെ നടന്ന മത്സരം 43 ഓവറായി ചുരുക്കിയപ്പോൾ ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശിനെ ഓസ്ട്രേലിയ 135 റൺസിലൊതുക്കിയിരുന്നു.അതിന് ശേഷം 5 വിക്കറ്റ് നഷ്ടത്തിൽ 32.1 ഓവറിൽ ടീം വിജയം നേടി.66 റൺസ് നേടി പുറത്താകാതെ നിന്ന ബെത്ത് മൂണിയാണ് ഓസ്ട്രേലിയയുടെ വിജയം ഒരുക്കിയത്. സൽമ ഖാത്തുൻ 3 വിക്കറ്റ് നേടി ഓസ്ട്രേലിയയെ 26/3 എന്ന നിലയിലേക്ക് തള്ളിയിട്ടുവെങ്കിലും മൂണി ചെറിയ ലക്ഷ്യത്തിലേക്ക് നിലയുറപ്പിച്ച്ടീമിനെ നയിക്കുകയായിരുന്നു. അന്നാബെൽ സത്തർലാണ്ട് 26 റൺസ് നേടി പുറത്താകാതെ മൂണിയ്ക്ക് പിന്തുണ നൽകി.നേരത്തെ ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശിനായി 33 റൺസ് നേടിയ ലത മോണ്ടൽ ആണ് ടോപ് സ്കോറർ. ഷർമിൻ അക്തർ 24 റൺസ് നേടി. ഓസ്ട്രേലിയയ്ക്കായി ആഷ്‌ലൈ ഗാർഡ്നർ , ജെസ്സ് ജൊന്നാസൻ എന്നിവർ രണ്ട് വീതം വിക്കറ്റ് നേടി.

# ഐപിഎല്ലിനു ശേഷം ഓസ്ട്രേലിയ ജൂണിൽ ശ്രീലങ്കയിലേക്ക്



ഈ വർഷം ജൂണിൽ ശ്രീലങ്കയിൽ ടി20, ടെസ്റ്റ്, ഏകദിന പരമ്പരകൾക്കായി ഓസ്ട്രേലിയ എത്തുമെന്ന് സ്ഥിരീകരിച്ച്ശ്രീലങ്ക ക്രിക്കറ്റ് (ടഘഇ).എല്ലാ ഫോർമാറ്റുകളിലുമായി നടക്കുന്ന പരമ്പരയിൽ മൂന്ന് ഏകദിനങ്ങളും മൂന്നു ടി20യും 2 ടെസ്റ്റ് മത്സരങ്ങളുമാവും നടക്കുക.നിലവിൽ ഓസീസ് ടീം പാകിസ്ഥാൻ പര്യടനത്തിലാണ്. ഇതിനുശേഷം താരങ്ങൾ ഐപിഎല്ലിനായി എത്തും. അതിനു ശേഷമായിരിക്കും ഓസ്ട്രേലിയ-ശ്രീലങ്ക പരമ്പര നടക്കുക. എല്ലാ മത്സരങ്ങൾക്കും ആതിഥേയത്വം വഹിക്കാൻ കൊളംബോ, കാൻഡി, ഗാലെ എന്നീ മൂന്ന് വേദികളെയാണ് ലങ്കൻ ബോർഡ് തെരഞ്ഞെടുത്തിരിക്കുന്നത്.പരമ്പരയുമായി സംബന്ധിച്ച വിശദമായ കാര്യങ്ങൾ ഇതുവരെ പുറത്തുവിട്ടിട്ടില്ലെങ്കിലും രണ്ട് ടെസ്റ്റ് മത്സരങ്ങൾക്കും ഗാലെ ആതിഥേയത്വം വഹിക്കുമെന്നാണ് അറിയുന്നത്. ഓസ്ട്രേലിയയുടെ ശ്രീലങ്കൻ പര്യടനം ജൂൺ ഏഴിന് ടി20 മത്സരത്തോടെ ആരംഭിക്കും. ആദ്യ രണ്ട് മത്സരങ്ങൾ കൊളംബോയിൽ ആർ പ്രേമദാസ സ്റ്റേഡിയത്തിലും മൂന്നാം ടി20യും ആദ്യ രണ്ട് ഏകദിനങ്ങളും കാൻഡിയിലും നടക്കും.



# മിയാമി ഓപ്പണിൽ നിന്ന് ഹാലെപ് പിന്മാറി

വ്യാഴാഴ്ച നടന്ന രണ്ടാം റൗണ്ട് മത്സരത്തിന് മുന്നോടിയായി മിയാമി ഓപ്പണിൽ നിന്ന് സിമോണ ഹാലെപ്പ് പിന്മാറി, കാലിന് പരിക്കേറ്റതിനാൽ മുൻ ലോക ഒന്നാം നമ്ബർ താരം മൂന്നാഴ്ചത്തേക്ക് കളിക്കില്ല.കഴിഞ്ഞയാഴ്ച ഇന്ത്യൻ വെൽസിൽ സെമിഫൈനലിലെത്തി, മിയാമിയിൽ ആദ്യ റൗണ്ടിൽ ബൈ നേടിയ റൊമാനിയൻ ലോക 19-ാം നമ്ബർ ഹാലെപ്പ്, ഓസ്ട്രേലിയൻ വൈൽഡ് കാർഡ് ഡാരിയ സാവില്ലെയുമായുള്ള മത്സരത്തിനായി പരിശീലിക്കുന്നതിനിടെ ഇടതുകാലിന് കടുത്ത വേദന അനുഭവപ്പെട്ടതായി പറഞ്ഞു. ഇന്ത്യൻ വെൽസിൽ, 2020-ലെ റോം കിരീടപ്പോരാട്ടത്തിന് ശേഷമുള്ള തന്റെ ആദ്യ ഡബ്ല്യുടിഎ 1000 സെമിഫൈനലിൽ ചാമ്ബ്യൻ ഇഗ സ്വിറ്റെക്കിനോട് തോൽക്കുന്നതിന് മുമ്ബ് ഹാലെപ്പ് കൊക്കോ ഗൗഫ്, സോറാന സിർസ്റ്റിയ, പെട്ര മാർട്ടിക് എന്നിവർക്കെതിരെ വിജയങ്ങൾ രേഖപ്പെടുത്തി.

EDITORS CHOICE





# ഗുരുവായൂരിലെ ഈ വാഹന പൂജ ചരിത്രത്തിലാദ്യം, അത്യപൂർവ നിയോഗം ലഭിച്ചത് രവിപിള്ളക്ക്

ഗുരുവായൂർ: ചരിത്രത്തിലിടം പിടിച്ച് ഗുരുവായൂരിലെ ഒരു വാഹനപൂജ. ആർ പി ഗ്രൂപ്പ് ചെയർമാൻ ഡോ ബി.രവിപിള്ള വാങ്ങിയ ആഡംബര ഹെലികോപ്ടറിന് നടത്തിയ പൂജയാണ് ഏറെ വ്യത്യസ്തവും ചരിത്രത്തിൽ ആദ്യത്തേതുമായത്.100 കോടിയോളം രൂപ മുടക്കിയാണ് രവി പിള്ള എച്ച്-145 ഡി 3 എയർ ബസ് വാങ്ങിയത്. ലോകത്താകെ 1,500 എണ്ണം മാത്രമുള്ള ആഡംബര ഹെലികോപ്റ്ററുകളിൽ ഒന്നാണിത്. വൈകിട്ട് മൂന്നുമണിയോടെ അരിയന്നൂർ ശ്രീകൃഷ്ണ കോളേജ് ഗ്രൗണ്ടിലാണ് ഹെലികോപ്ടർ ലാൻഡു ചെയ്തത്. തുടർന്ന് ഹെലികോപ്ടർ ക്ഷേത്രത്തിന് അഭിമുഖമായി നിറുത്തിയശേഷം മുന്നിൽ നിലവിളക്കുകൾ കൊളുത്തിവച്ചു. അതിനുശേഷം ക്ഷേത്രം ഓതിക്കനും മുൻ മേൽശാന്തിയുമായ പഴയം സുമേഷ് നമ്ബൂതിരി പൂജ നിർവഹിച്ചു. ആരതി ഉഴിഞ്ഞ് മാലചാർത്തി കളഭം തൊട്ടതോടെ വാഹനപൂജ പൂർത്തിയായി. രവി പിള്ളയ്ക്കൊപ്പം മകൻ ഗണേഷ് രവി പിള്ള, പൈലറ്റുമാരായ ക്യാപ്റ്റൻ സുനിൽ കണ്ണോത്ത്, ക്യാപ്റ്റൻ ജി.ജി.കുമാർ തുടങ്ങിയവരും പൂജയിൽ പങ്കെടുത്തു. ഹെലികോപ്ടർ വാങ്ങിയതിനു ശേഷം പൂജയ്ക്കായി ഗുരുവായൂരിലേക്കാണ് രവിപിള്ള ആദ്യ യാത്ര നടത്തിയത്.കൊല്ലത്തുനിന്നാണ് ഹെലികോപ്ടർ ഗുരുവായൂർക്ക് പുറപ്പെട്ടത്. നടൻ മോഹൻലാൽ കൊച്ചിവരെ ഉണ്ടായിരുന്നു. ക്ഷേത്രദർശനത്തിനുശേഷം രവിപിള്ളയും മകനും ഇന്നുരാവിലെ കൊച്ചിയിലേക്ക് തിരിച്ചു. അതുവരെ കനത്ത സുരക്ഷയിൽ ശ്രീകൃഷ്ണ കോളജ് ഹെലിപാഡിലാണ് കോപ്ടർ സൂക്ഷിച്ചിരുന്നത്.






RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com